54

# ദ്രാവിഡ ചൊല്ലുകൾ

ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ,

തുറവൂർ : കേരളം.

MALAYALAM

# DRAVIDA CHOLLUKAL

(Dravidian Proverbs)

*Compiled by:*

DR. S. K. NAYAR
SRI. R. P. SETHU PILLAI
SRI. N. VENKATA RAO
SRI. M. MARIYAPPA BHATT

PUBLISHED UNDER THE AUSPICES OF
THE SOUTHERN LANGUAGES BOOK TRUST

First Impression—July 1961

5000 Copies

PRINTED AT THE GOSRI SCOUT PRESS, COCHIN.

Publishers

SREE NARASIMHA VILASOM BOOK DEPOT

THURAVOOR :: KERALA STATE

Rs. 1-25.

# ദ്രാവിഡചൊല്ലുകൾ

സമാഹരിച്ചതു്

ഡോക്ടർ എസ്. കെ. നായർ
ശ്രീ. ആർ. പി. സേതുപിള്ള
ശ്രീ. എൻ. വെങ്കട രാവു
ശ്രീ. എം. എം. ഭട്ട്

ശ്രീ നരസിംഹവിലാസം ബുക്ക് ഡിപ്പോ
തുറവൂർ, കേരളം

1-25

NATIONAL ... KOTTAYAM
Univ ... mmission

MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005
227390
P3:4:6
32K1

# ആമുഖം

ദക്ഷിണഭാഷാബുക് ട്രസ്റ്റ്, ഫോർഡ് ഫൗണ്ടേഷൻെറ ഉദാരമായ സഹായത്തോടുകൂടി തമിഴ്, തെലുങ്ക്, മലയാളം, കന്നഡം എന്നീ ദ്രാവിഡഭാഷകളിൽ ഉത്തമഗ്രന്ഥങ്ങളുടെ വിവർത്തനം, പ്രകാശനം എന്നീ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സാഹിതീസേവനം നടത്തിപ്പോരുന്നുവെന്ന് കാണുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഭാഷാസംസ്ഥാനങ്ങളുടെ ആവിർഭാവം വിഘടനവാസനകളെ ഉത്തേജിപ്പിക്കുന്നുവെന്ന സന്ദേഹത്തിന്ന്, ചില കേന്ദ്രങ്ങളിലെങ്കിലും പ്രാബല്യം സിദ്ധിച്ചുവരുന്ന ഈ ഘട്ടത്തിൽ, പ്രസ്തുത ബുക്ക്ട്രസ്റ്റിൻെറയും അതുപോലുള്ള മററു സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ സാംസ്കാരികമണ്ഡലത്തിലുളവാക്കുന്ന വൈകാരികമായ ഏകമതീഭാവം വേണം ഇന്ത്യയുടെ സമഗ്രമായ ഐക്യത്തിന്നുതന്നെ സഹായം നല്കുവാൻ. മൂലദ്രാവിഡഭാഷയുടെ സന്താനങ്ങളെന്ന നിലയിൽ സഹോദരീഭാവമുള്ള ദക്ഷിണേന്ത്യൻ ഭാഷകൾ തമ്മിൽ ഉണ്ടാകുന്ന ഐക്യം, ഭാരതത്തിലെ ഇതരഭാഷകളുമായി അവയ്ക്കു സാമീപ്യവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിന്നുതകുന്ന ഒരു പ്രധാനോപാധിയായിത്തീരുമെന്നുള്ളതു് നിസ്തർക്കമാണ്.

ചുരുക്കിപ്പറഞ്ഞാൽ ഏതു ദേശാഭിമാനിയായ ഭാരതീയനും പ്രിയംകരമായിരിക്കേണ്ട ഇന്ത്യയുടെ ഐക്യത്തിനു്, ദക്ഷിണഭാരതീയരുടെ പ്രഥമ സംഭാവനയാണു് ദക്ഷിണഭാഷാബുക്ക് ട്രസ്റ്റിന്റേതുപോലുള്ള സാഹിതീസപര്യ. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ ദക്ഷിണേന്ത്യൻ ഭാഷകളെ സമഞ്ജസമായി ഇണക്കിച്ചേർത്തു്, പരോക്ഷമായെങ്കിലും ദേശീയചിത്തവൃത്തി നാട്ടാരിൽ ദൃഢമൂലമാക്കുവാൻ പ്രയോജകീഭവിക്കട്ടെ.

ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റിന്റെ പ്രവർത്തനപരിധി കൂടുതൽ വ്യാപകവും പ്രകാശമാനവും പ്രയോജനപ്രദവുമാകട്ടെ എന്നാണു് എന്റെ ആത്മാർത്ഥമായ ആശംസ.



# പ്രസാധകക്കുറിപ്പ്.

ചുരുങ്ങിയ വാക്കുകളിൽ മഹത്തായ ആശയം ഉൾക്കൊള്ളിക്കുക എന്നതാണ് പഴഞ്ചൊല്ലുകളുടെ സ്വഭാവം. ഏതു ഭാഷയിലും അതിന്റേതായ പഴഞ്ചൊല്ലുകൾ ഉണ്ട്. ദ്രാവിഡഭാഷകൾ അക്കാര്യത്തിൽ ഏററവും സമ്പന്നകളും ആണ്.

പഴഞ്ചൊല്ലുകൾ ശേഖരിച്ചു പ്രസിദ്ധംചെയ്യാനുള്ള പരിശ്രമങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. തമിഴിലെ പഴഞ്ചൊല്ലുകൾ 'പഴമൊഴി നാന്നൂറ്' എന്ന പേരിൽ വളരെക്കാലത്തിനു മുമ്പുതന്നെ സമാഹരിക്കപ്പെട്ടിരുന്നു. ഡാക്ടർ ഗുണ്ടർട്ട്, റവറൻറ് പെർസിവൽ, ഡാക്ടർ കിറേറൽ, ക്യാപ്ററൻ എം. ഡബ്ളിയു. കാർ തുടങ്ങിയുള്ള യൂറോപ്യൻ പണ്ഡിതന്മാർ ദ്രാവിഡഭാഷകളിലെ ചൊല്ലുകളെപ്പററി ആരായുകയും അവയെ സമാഹരിക്കുകയും അവർ തയാറാക്കിയ നിഘണ്ടുക്കളിലും മററും അവ ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു.

മദ്രാസ് സർവ്വകലാശാലയിലെ ദ്രാവിഡഭാഷാ വകുപ്പുകളിലെ തലവന്മാർ ചേർന്നു തയാറാക്കിയിരിക്കുന്ന ഈ 'ദ്രാവിഡചൊല്ലുകൾ' ഇതിനുമുൻപ് ആരും കൈവച്ചിട്ടില്ലാത്ത ഒരു രീതിയിലുള്ളതാണെന്ന് പ്രത്യേകമായി എടുത്തുപറയേണ്ടതുണ്ട്. മലയാളം. തമിഴ്, കർണ്ണാടകം, തെലുങ്ക് എന്നീ നാലു ഭാഷകളിലും ഉള്ള പഴഞ്ചൊല്ലുകൾ ശേഖരിച്ച്, അർത്ഥത്തിൽ സാമ്യമുള്ളവയെ കൂട്ടിയിണക്കി തരംതിരിച്ചേട്ടത്തിരിക്കുകയാണ്; അതുതന്നെയും അകാരാദിക്രമത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു. ദ്രാവിഡഗോത്രത്തിൽപ്പെട്ട ഈ നാലു ഭാഷകൾക്കും ശബ്ദത്തിലും പ്രതിപാദനസമ്പ്രദായത്തിലും ഉള്ള സാമ്യം വ്യക്തമാക്കുവാൻ ഈ പരിശ്രമം വളരെ പ്രയോജകീഭവിച്ചിട്ടുണ്ട്.

ഒരു ദൃഷ്ടാന്തം ഇവിടെ ചേർക്കാം.

മലയാളം – ആടിയ കാലും പാടിയ നാവും വെറുതെ ഇരിക്കയില്ല.
തമിഴ് – ആടിയ കാലും പാടിയ നാവും ചുമ്മാ ഇരാതു.
കർണ്ണാടകം – ആഡിദ കാലു ഹാഡിദ ബായു ചുമ്മനെ ഇരദു.
തെലുങ്ക് – ആഡേ കാലു പാഡേ നോരു വൂര കുണ്ടവു.

ഇതിൽ ഒരേ ആശയം ഏകദേശം ഒരേ ശബ്ദരൂപത്തിൽ നാലു ഭാഷകളിലും കാണുന്നു.

ഇനി മറെറാന്നു്

മലയാളം – കുല തൊടാറായപ്പോൾ തളപ്പററ.
തമിഴ് – വെണ്ണെ തിരണ്ടു വരുമ്പോതു താഴി ഉടൈന്തതുപോല.
കർണ്ണാടകം – എണ്ണെ ബരുവാഗ ഗാണ മുറിയിതു.

ഇതിലാകട്ടെ ഓരോ ഭാഷയിലും വേറെ വേറെ കാര്യങ്ങളാണു് പറയുന്നതു്. പക്ഷെ എല്ലാററിലും ഉൾക്കൊള്ളുന്ന ആശയം ഒന്നുതന്നെ.

ചുരുങ്ങിയ ശ്രമംകൊണ്ടൊന്നും സാദ്ധ്യമാകുന്ന ഒന്നല്ല ഈ ഗ്രന്ഥത്തിൻെറ നിർമ്മാണം എന്നതു് ആർക്കും മനസ്സിലാക്കാവുന്ന കാര്യമാണു്. നാലു ഭാഷകളിലെയും പഴഞ്ചൊല്ലുകൾ ശേഖരിക്കുക; യോജിപ്പുള്ളവ തരംതിരിച്ചെടുത്തു് ഇണക്കിച്ചേർക്കുക; അവയെ അകാരാദിക്രമത്തിൽ അടുക്കുക എന്നിങ്ങനെയുള്ള ശ്രമസാദ്ധ്യമായ കാര്യങ്ങൾക്കു് വളരെ നാളത്തെ പ്രയത്നം ആവശ്യമാണു്. പഴഞ്ചൊല്ലുകൾ അറിയുക എന്നുള്ളതിൽ കവിഞ്ഞു്, നാലു ഭാഷകളും തമ്മിലുള്ള ബന്ധവും ഐകരൂപ്യവും മനസ്സിലാക്കാൻ കഴിയുക എന്നുള്ളതാണു് ഇതുകൊണ്ടുള്ള പ്രയോജനം. ഓരോ ഭാഷയിലെയും പഴഞ്ചൊല്ലുകൾ സമാഹരിച്ചു പ്രസിദ്ധംചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ ഈ നാലു ഭാഷകളിലും ഉണ്ടായിരിക്കാം. പക്ഷെ ഈ ഗ്രന്ഥംകൊണ്ടുള്ള സ്ഥായിയായ പ്രയോജനം അവകൊണ്ടുണ്ടാകയില്ല. ദ്രാവിഡഭാഷാ ഗവേഷകന്മാർക്കുകൂടിയും അത്യന്തം

ഉപകാരപ്രദമായ ഈ പുസ്തകം തയാറാക്കുന്നതിനു് ഈ ഭാഷാതലവന്മാർ ചെയ്ത പരിശ്രമം ദ്രാവിഡഭാഷാപ്രേമികൾക്കു് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല.

ദക്ഷിണേന്ത്യൻഭാഷകളെ സംബന്ധിച്ചിടത്തോളം അതിമഹത്തായ സേവനം നടത്തിപ്പോരുന്ന ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിൻെറ ആഭിമുഖ്യത്തിലാണു് ഈ ലഘുഗ്രന്ഥം തയാറാക്കപ്പെട്ടിട്ടുള്ളതു്. പ്രസാധകന്മാർ സാമാന്യമായി കൈവയ്ക്കാൻ മടിക്കുന്നതും, ഏറെനാളത്തെ പ്രയത്നംകൊണ്ടു മാത്രം തയാറാക്കാൻ കഴിയുന്നതും, ഏറെക്കാലം ഏറിയ പ്രയോജനം ചെയ്യുന്നതുമായ ഇത്തരം ഗ്രന്ഥങ്ങൾ ഗ്രന്ഥമണ്ഡലത്തെപ്പോലുള്ള സ്ഥാപനങ്ങളുടെ ഉത്സാഹത്തിന്മേലേ ഉണ്ടാവാൻ കഴിയൂ. ഇങ്ങനെയുള്ള കാര്യങ്ങളിലാണു് ഗ്രന്ഥമണ്ഡലം കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതു് എന്ന വസ്തുത ഭാരവാഹികൾ മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതിൻെറ ലക്ഷ്യമായിട്ടും ഈ ഗ്രന്ഥം കരുതാവുന്നതാണു്.

കേരളമുഖ്യമന്ത്രി ശ്രീ പട്ടംതാണുപിള്ള അവർകളുടെ ആമുഖത്തോടുകൂടിയാണു് ഈ ദ്രാവിഡചൊല്ലുകൾ പ്രസിദ്ധീകൃതമാകുന്നതു്. അതും ഈ ഗ്രന്ഥത്തെ സംബന്ധിച്ചിടത്തോളം ശുഭസൂചകമായ ഒരു വസ്തുതയാകുന്നു.

കാഴ്ചയിൽ ചെറുതെങ്കിലും കാര്യത്തിൽ ബൃഹത്തായ ഈ ഗ്രന്ഥത്തിനു് അതർഹിക്കുന്ന സ്വാഗതം എങ്ങും ലഭിക്കുമാറാകട്ടെ.

ആർ. മാധവപ്പൈ

# ദ്രാവിഡച്ചൊല്ലുകൾ

## അ

1

അക്കരെ നിൽക്കുമ്പോൾ ഇക്കരെപ്പച്ച.

| | |
|---|---|
| തമിഴ് | ഇക്കരൈക്കു് അക്കരൈപ്പച്ച |
| കർണ്ണാടകം | ദൂരദ ബെട്ട നുണ്ണഗെ. |
| തെലുങ്കു് | ദൂരപു കൊണ്ടലു നുനുപു. |

2

അകത്തെ അഴക് മുഖത്തറിയാം.

| | |
|---|---|
| തമിഴ് | അകത്തിന്നഴകു മുകത്തിൽ തെരിയും. |

3

അച്ഛനിച്ഛിച്ചതും പാല്; വൈദ്യൻ കല്പിച്ചതും പാല്.

കർണ്ണാടകം രോഗി ബയസ്സിദ്ദു ഹാലു; വൈദ്യ ഹേളിദ്ദു ഹാലു.

തെലുങ്ക് രോഗിന്നി പാലേ കോരിനാഡു; വൈദ്യുഡുന്നു പാലേ ചെപ്പിനാഡു.

4

അഞ്ചിൽ വളയാത്തത് അമ്പതിൽ വളയുമോ?

തമിഴ് അഞ്ചിൽ വളൈയാതതു ഐമ്പതിൽ വളൈയുമാ?

കർണ്ണാടകം ഗിഡവാഗി ബഗ്ഗദ്ദു മരവാഗി ബഗ്ഗീതേ?

തെലുങ്ക് മൊക്ക അയി വംഗനിദി മ്രാനൈ വംഗുനാ?

5

അഞ്ചു വിരലും ഒരുപോലെയോ?

തമിഴ് ഐന്തു വിരലും ഒൻറുപോൽ ഇരുക്കുമാ?

കർണ്ണാടകം അയ്ദു ബെരളു ഒന്ദേ സമനാഗി ഇരുത്തയേ?

തെലുങ്ക് അയ്ദു വേള്ള സമാനമുഗ ഉണ്ണായാ?

6

അടയ്ക്ക മടിയിൽ വയ്ക്കാം; കവുങ്ങായാലോ?

കർണ്ണാടകം   അഡികേ ഉഡിയല്ലി ഹാക ബഹുദു
മരവാദമേലെ കൂഡിതേ?

7

അടികൊണ്ടാലും മോതിരമിട്ട കൈകൊണ്ടു വേണം.

തമിഴ്   കുട്ടപ്പട്ടാലും മോതിരക്കൈയ്യാൽ പടവേണ്ടും.

കർണ്ണാടകം   ഉംഗുരഹാകിദ കയ്യല്ലിഹൊഡെദരെ
നോവില്ല.

തെലുങ്ക്   ഉംഗരാല ചേതിതൊ മൊട്ടിതെ നൊപ്പി
ഉണ്ഡദു.

8

അടിക്കടി; വടി മിച്ചം.

തമിഴ്   അടിക്കും പിടിക്കും ശരിയായ്പ്പോച്ചു.

കർണ്ണാടകം   മുയ്യിഗെ മുയ്യി.

9

അടിച്ചാൽ മുതുകിലടി; വയററിൽ അടിക്കരുതു്.

തമിഴ്   അടിത്താൽ മുതുകിൽ അടി; വയററിൽ
അടിയാതെ.

കർണ്ണാടകം ഹൊഡയ്യുദാദരെ ബെന്നിഗെഹൊഡെ;
ഹൊട്ടെഗെ ഹോഡെയ ബേഡാ.

തെലുങ്ക് വീപുമീദ കൊട്ടവച്ചുനഗാനി കഡുപ്പുമീദ
കൊട്ടരാദു.

10

അടിമേൽ അടി അടിച്ചാൽ അമ്മിയും തകരും.

തമിഴ് അടിമേല് അടി അടിത്താൽ അമ്മിയും
നഹരും.

11

അടിയോളം ഒക്കുമോ അണ്ണൻതമ്പി?

തമിഴ് അടി ഉതവുവതുപോൽ അണ്ണൻതമ്പി
ഉതവുവാർകളാ?

12

അടിയ്ക്കാത്ത മാട് പണിയില്ല.

തമിഴ് അടിയാത മാട് പടിയാതു.

കർണ്ണാടകം ബിസിയാഗദെ ബെണ്ണെ കറഗദു.

തെലുങ്ക് വേഡി ചേയനികാനി വെണ്ണ കറഗദു.

## 13

അണ്ടിയോ മൂത്തതു്, മാവോ?

തമിഴ് — വിതൈയെ് മുന്തിയതോ, മരം മുന്തിയതോ?

കർണ്ണാടകം — മര മുദലോ ബീജ?

തെലുങ്കു് — ചെട്ടു മുന്ദാ വിത്തു മുന്ദാ?

## 14

അപ്പം തിന്നാൽ പോരെ; കുഴി എണ്ണണമോ?

തമിഴ് — വടൈയെത്തിന്ന ചൊന്നാർകളാ തുളൈയെ എണ്ണച്ചൊന്നാർകളാ?

കർണ്ണാടകം — അപ്പതിന്ദരെ സാലദേ കുളിലെക്ക മാഡബേകേ?

## 15

അത്യാശയ്ക്കനർത്ഥം.

തമിഴ് — പേറാശൈ പെരുംകേട്ട്.

കർണ്ണാടകം — അത്യാശെ ഗതിഗേഡു.

തെലുങ്കു് — അത്യാശ അനർത്ഥകമു.

16

അധികമായാൽ അമൃതും വിഷം.

| | |
|---|---|
| തമിഴ് | അളവുക്കു മിഞ്ചിനാൽ അമൃതമും നഞ്ചു. |
| കർണ്ണാടകം | അധികവാദരെ അമൃത വിഷ. |
| തെലുങ്ക് | അധികമയിതെ അമൃതമു വിഷമു. |

17

അന്നമിട്ടിടത്തു കന്നം വയ്ക്കരുത്.

| | |
|---|---|
| തമിഴ് | അന്നമിട്ട മനൈയിൽ കന്നമിട്ടാൻ. |
| കർണ്ണാടകം | അന്ന ഹാഗിദ മനഗെ കന്ന. |
| തെലുങ്ക് | അന്നം പെട്ടിന വാരില്ലു കന്നമു പെട്ട വച്ചുനാ? |

18

അരചനെ കൊതിച്ചു പുരുഷനെ വെടിഞ്ഞവൾക്ക് അരചനുമില്ല പുരുഷനുമില്ല.

| | |
|---|---|
| തമിഴ് | അരശനൈ നമ്പി പുരുഷനൈ കൈവിട്ടാർ പോല. |
| തെലുങ്ക് | രാജുന ചൂചിനകണ്ട മൊഗുണ്ണി ചൂസ്തെ മൊത്ത ബുദ്ധി അയ്യനെട്ടു. |

19

അരണ കടിച്ചാൽ ഉടനെ മരണം.

തമിഴ് അരണൈ കടിത്താൽ ഉടനേ മരണം.

കർണ്ണാടകം അരണി മുട്ടിദരെ ധരണി നാശ.

20

അരപ്പണി ആശാനെയും കാണിക്കരുതു്.

തമിഴ് കുറൈവേലൈയെ ക്കുരുവുക്കും കാട്ടാതേ.

തെലുങ്കു് കൊറതഗാ ഉണ്ഡ പണി ഗുരുവുകയ്നാ
ചൂപകു.

21

അരമന രഹസ്യം അങ്ങാടിയിൽ പരസ്യം.

കർണ്ണാടകം അതിരഹസ്യ ബട്ട ബയലു.

22

അരി എറിഞ്ഞാൽ ആയിരം കാക്ക.

തമിഴ് കൂറൈയിലേ ചോറുപോട്ടാൽ ആയിരം
കാക്കൈ.

കർണ്ണാടകം കൂള ചെല്ലിദരെ കാഗെഗേനു കമ്മി?

തെലുങ്കു് വിദിച്ചിന അന്നമുണ്ടെ വേയി കാകലു.

23

അരി കൊട്ടത്താൽ പെങ്ങടംവീട്ടിൽ പോകണമോ?

| | |
|---|---|
| തമിഴ് | അരിശി കൊട്ടത്തു അക്കാൾവീട്ടിൽ ശാപ്പാടാ? |
| കർണ്ണാടകം | അക്കി കൊട്ടു ഉണ്ണാകെ അക്കന ഹംഗേനു? |

24

അലയൊഴിഞ്ഞു കടലാടാൻ കഴിയുമോ?

| | |
|---|---|
| തമിഴ് | അലൈ ഓയ്ന്തു കടലാട മുടിയുമാ? |
| കർണ്ണാടകം | അലെ നിന്തു സമുദ്രസ്നാനവേ. |

25

അല്പനു അർത്ഥംകിട്ടിയാൽ അർദ്ധരാത്രിക്കു കുട പിടിക്കും.

| | |
|---|---|
| തമിഴ് | അറ്പനുക്കു പണം കിടൈത്താൽ അർത്ത രാത്തിരിയിൽ കുടൈപിടിപ്പാൻ. |
| കർണ്ണാടകം | അല്പനിഗെ ശിറി ബന്ദരെ അർദ്ധരാത്രിലി കൊഡെ ഹിഡിസിക്കൊണ്ട. |
| തെലുങ്ക് | അല്പനകു ഐശ്വര്യം ഒസ്തേ അർദ്ധരാത്രിവേള ഗൊഡുഗു തെമ്മന്നാഡട. |

26

അവനും അവളും ഏഴാംപൊരുത്തം.

| | |
|---|---|
| തമിഴ് | അവനുക്കും അവളുക്കും ഏഴാംപൊരുത്തം. |

# ആ

27

ആകും കാലം ആകും; പോകും കാലം പോകും.

തമിഴ്   ആകും കാലം ആകും; പോകും കാലം പോകും.

കർണ്ണാടകം   അപ്പട്ട തപ്പട്ട.

28

ആടറിയുമോ അങ്ങാടി വാണിഭം.

തമിഴ്   ആട്ട അറിയുമോ അങ്കാടി വാണിപം.

കർണ്ണാടകം   ആഡിഗെ ഗൊത്തോ അംഗാഡി വ്യാപാര.

29

ആടിയ കാലും പാടിയ നാവും വെറുതെ ഇരിക്കില്ല.

തമിഴ്   ആട്ടിയ കാലും പാടിയ നാവും ചുമ്മാ ഇരാത്തു.

കർണ്ണാടകം ആഡിന കാല്ല ഹാഡിദ ബായ്യു ചുമ്മനെ ഇരട്ട.

തെലുങ്ക് ആഡേ കാല്ല പാഡേ നോരു വൂര കുണ്ഡവു.

30

ആട്ടമേഞ്ഞ കാട്ടപോലെ.

തമിഴ് ആട്ട മേയ്ന്ത കാട്ടപോല.

കർണ്ണാടകം ആഡു മേദ കാഡിന ഹാഗെ.

31

ആപത്തിന്ന പാപമില്ല.

തമിഴ് ആപത്തുക്കു പാപമില്ലൈ.

കർണ്ണാടകം ആപത്തിഗെ പാപവില്ല.

തെലുങ്ക് ആപദകു പാപമു ലേദു.

32

ആ പരിപ്പ് ഇവിടെ വേവില്ല.

തമിഴ് അന്ത പരിപ്പു ഇങ്കേ വേകാതു.

കർണ്ണാടകം നിമ്മ ബേളെ ഇല്ലി ബേയദു.

33

ആന ഇരുന്നാലും ആയിരം; ചെരിഞ്ഞാലും ആയിരം.

തമിഴ് ആനൈ ഇരുന്താലും ആയിരം പൊൻ;
ശെത്താലും ആയിരം പൊൻ.

കർണ്ണാടകം ആനെ ഇദ്ദരു സാവിര; സത്തരു സാവിര.

തെലുങ്ക് ഏനുഗു ചച്ചിത ബ്രദികിത വെയ്യി.

34

ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?

കർണ്ണാടകം ആനെ സിക്കിദരെ കൊട്ടിഗെയല്ലി കട്ടുല്ലദേ.

35

ആനയെക്കാണാൻ വെള്ളെഴുത്തോ?

തമിഴ് ആനൈ പാർക്ക വെള്ളെഴുത്താ?

36

ആനയെ കൊടുത്തവൻ അങ്കുശവും കൊടുക്കണം.

തമിഴ് ആനൈ കൊടുത്തവൻ അങ്കുശം കൊടാനാ?

തെലുങ്ക് ഏനുഗു നിച്ചി അങ്കുശമു ഇയനട്ലു.

37

ആനയ്ക്കുമുന്നേ മണിയൊച്ച.

തമിഴ് ആനൈ വരും പിന്നേ; മണി യോശൈ
വരും മുന്നേ.

കർണ്ണാടകം ആനെ ബരുവുദക്കെ മുന്ന ഗണ്ഡെ സദ്ദു.

38

ആനയ്ക്കും അടി പിഴയ്ക്കും.

തമിഴ് ആനൈക്കും അടി ചറുക്കും.

കർണ്ണാടകം ആനെഗു അഡി തപ്പീതു.

39

ആനവായിൽ എന്തു അമ്പഴങ്ങ.

തമിഴ് ആനൈപ്പശിക്കു ചോളപ്പൊരി.

കർണ്ണാടകം ആനെ ഹൊട്ടെഗെ ജോളദ ഹൊദളെ?

40

ആനവായിലെ കരിമ്പ്.

തമിഴ് ആനൈ (ആലൈ) വായിലേ പോന കരുമ്പു.

കർണ്ണാടകം ആനെഗെ (ആലെ) കൊട്ട കബ്ബിനഹാഗെ.

41

ആയിരം കാക്കയ്ക്കു ഒരു കല്ല്.

തമിഴ് ആയിരം കാക്കൈക്കു ഒരു കല്.

കർണ്ണാടകം സാവിര കാഗെഗെ ഒന്ദേ കല്ലു.

തെലുങ്ക്. വേയി കാകുലകു വകടേ റായി.

42

ആയിരം കുടത്തിന്റെ വായ് മൂടാം; അരവായ് മൂടിക്കൂടാ.

തമിഴ് ഊർവായൈ മൂട ഉലൈ മൂടിഉണ്ടാ?

കർണ്ണാടകം ഹണ്ഡെ ബായി കട്ട ബഹുദു.

തെലുങ്ക് ഡൊണ്ഡെ ബായി കട്ട ബഹുദേ.

43

ആയിരം പേരെ (വേരെ) ക്കൊന്നവൻ അര വൈദ്യൻ.

തമിഴ് ആയിരം പേരെ (വേരൈ) ക്കൊന്നവൻ

അരൈ വൈത്തിയൻ.

കർണ്ണാടകം നൂറു ജന കൊന്ദു അരെ വൈദ്യ.

തെലുങ്ക് നൂറു മന്ദിനി ചംപിതേകാനി വൈദ്യുഡു കാഡു.

44

ആയിരം മാഹാണി അറുപത്തിരണ്ടര.

തമിഴ് ആയിരം മാകാണി അറുപത്തിരണ്ടരൈ.

45

ആരാന്റെ പന്തിയിൽ കണ്ടോ എന്റെ ഔദാര്യം

തമിഴ് ആററിലെ പോകിറ തണ്ണീരൈ അപ്പാകുടി; അമ്മാകുടി.

കർണ്ണാടകം മദുവേ ചപ്പാദല്ലി മിണ്ടര സമ്മാന.

തെലുങ്ക് പൊറിഗിണ്ട ചോഡാ·നാ പെട്ലു ചെയ്യി.

46

ആലില പുളിയിലപോലെ വേലിയിൽ
പടർന്നിരിക്കും.

തമിഴ് ആലിലൈ പുളിയിലൈപോല വേലിയിൽ
പടർന്തിരിക്കും.

കർണ്ണാടകം ആലദെലെ ഹുളിയെലെ ഹാഗെ ബേലിയല്ലി
ഹബ്ബിരുവുദു.

47

ആശയ്ക്കു് അതിരില്ല.

തമിഴ് ആശൈക്കു ഓർ അളവില്ലൈ.

കർണ്ണാടകം ആശഗെ മേരെ ഇല്ല.

തെലുങ്ക് ആശകു അന്തമുലേദു.

48

ആഴം അറിയാതെ കാലിടരുതു്.

തമിഴ് ആഴം തെരിയാമല് കാലൈ ഇടാതേ.

കർണ്ണാടകം ആള നോഡി ഹാറു.

49

ആളേറേ പോകുന്നതിൽ താനേറേ പോകുന്നതു നന്നു്.

കർണ്ണാടകം ആള മാഡിദ്ദ ഹാള.

തെലുങ്കു് എവരിപനി ബാരേ ചേസി കോവലെ.

50

ആറിയ കഞ്ഞി പഴംകഞ്ഞി.

തമിഴ് ആറിന കഞ്ചി പഴങ്കഞ്ചി.

51

ആററിൽക്കളഞ്ഞാലും അളന്നുകളയണം.

തമിഴ് ആററിലേ പോട്ടാലും അളന്തുപോട്ടു.

കർണ്ണാടകം ഹൊണ്ഡദല്ലി ഹാക്കിദരൂ എണിസി ബേകു.

# ഇ

## 52

ഇഞ്ചിതിന്ന കുരങ്ങുപോലെ.

| | |
|---|---|
| തമിഴ് | ഇഞ്ചിതിൻറ കുരങ്കുപോല. |
| തെലുങ്ക് | അല്ലമു തിന്ന കോതിവലെ. |

## 53

ഇന്നലെ പെയ്ത മഴയ്ക്കു ഇന്നു കുരുത്ത തകര.

| | |
|---|---|
| തമിഴ് | നേററു പെയ്ത മഴൈയിൽ മുളൈത്ത കാളാൻ, |
| തെലുങ്ക് | നിന്നെ ബിട്ട മളെഗെ മൊളെത തഗചെ. |

## 54

ഇരിക്കും കൊമ്പു വെട്ടരുതു്.

| | |
|---|---|
| തമിഴ് | താനിക്കൊമ്പിലിരുന്തു അടിക്കൊമ്പൈ വെട്ടിനാർപോല. |
| കർണ്ണാടകം, | കൂത കൊമ്പേയെന്നു കഡിദ ഹാഗെ. |

55

ഇരിങ്ങാപ്പാറ പൊന്നായാൽ പാതി തേവർക്കു്.

കർണ്ണാടകം പാറെ ചിന്നവാദരെ അർദ്ധ ദേവരിഗെ.

56

ഇരുട്ടിൽ കണ്ട കിണററിൽ പകലു വീണു.

കർണ്ണാടകം ഇരുളു കണ്ട ബാവിയല്ലി ഹഗലു ബിദ്ദ.

57

ഇരുന്നിട്ടേ കാലു നീട്ടാവൂ.

തമിഴ് ഇരുന്തല്ലവോ പടുക്ക വേണ്ടും.

കർണ്ണാടകം കൂതല്ലവേ കാല് നീഡുവുദു.

തെലുങ്ക് കൂർചുണ്ടി പാഡുക്കോവലനു.

58

ഇരുമ്പുകടിച്ച വെള്ളം.

തമിഴ്. തീയിലിട്ട നെയ് തിരുമ്പിവരുമാ?

കർണ്ണാടകം കബ്ബിണക്കെ കൊട്ട നീരു.

59

ഇരുമ്പുപിടിച്ച കയ്യും ചിരങ്ങു പിടിച്ച കയ്യും ചുമ്മാതിരിക്കില്ല.

തമിഴ് ഇരുമ്പു പിടിത്ത കൈയ്യും ചിരങ്കു പിടിത്ത കൈയ്യും ചുമ്മാ ഇരാതു.

തെലുങ്ക് ഇനുമു പിഡികിലി ചെയ്യി പേമു പട്ടിന ചെയ്യി വൂര കുണ്ഡദു.

60

ഇല മുള്ളിൽ വീണാലും മുള്ളു് ഇലയിൽ വീണാലും കേടു് ഇലയ്ക്കു്.

കർണ്ണാടകം എലെ മുള്ളമേലെ ബിദ്ദരു മുള്ള എലമേലെ ബിദ്ദരു കേടു എലഗെ.

തെലുങ്ക് ആകു മീദ മുള്ള പെഡ്ഡു മുള്ള മീദ ആകു പെഡ്ഡു പകടെ.

61

ഇലവുകാത്ത ശുകം (കിളി) പോലെ.

തമിഴ് ഇലവുകാത്ത കിളിപോല.

62

ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുററം.

തമിഴ് വേണ്ടാത പെണ്ടാട്ടി കൈയ്പട്ടാൽ കുററം കാല്പട്ടാൽ കുററം.

കർണ്ണാടകം കണ്ടരാഗദ ഹെണ്ടത്തി മൊസറിഡി കല്ലു.

തെലുങ്ക് ആലിനി വല്ലനിവാനികി ഇൗല കൂരലൊ ഉപ്പു ചാലദു.

63

ഇളംകന്നിന്ന ഭയമറിഞ്ഞുകൂടാ.

തമിഴ് ഇളം കൻറു പയമറിയാതു.

കർണ്ണാടകം എള ഗരുവിഗെ ഭയമില്ല.

64

ഈ പൂച്ച ഈ പാലുകുടിക്കുമോ?

തമിഴ് ഇന്തപ്പൂനൈ ഇന്തപ്പാലൈ കുടിക്കുമാ?

കർണ്ണാടകം ഈ ബെക്കു ആ ഹാലന്നു കുഡിയുവുദേ?

തെലുങ്ക് ഈ പില്ലി ആ പാലു താഗുനാ?

65

ഈററമററിടത്തു ഈച്ച പാറുമോ?

തമിഴ് ഈരമററ ഇടത്തിൽ ഈ മൊയ്ക്കുമാ?

തെലുങ്ക് ഇവക ചോട ഈഗലു ചേരു.

66

ഈററപ്പുലിപോലെ.

തമിഴ് ഈൻറ പുലിപോല.

കർണ്ണാടകം ഈന്ദ പുലി വോൽ.

തെലുങ്ക് ഈനിന പുലിപോലെ,

# ഉ

67

ഉടഞ്ഞ ശംഖ് ഊത്തു കേറംക്കയില്ല.

തമിഴ്    ഉടൈന്ത ശംകു ഊത്തുപ്പറിയുമാ?

തെലുങ്ക്    പഗിലിന ശംഖമു ഊദുനാ?

68

ഉടല് രണ്ടു് ഉയിർ ഒന്നു്.

തമിഴ്    ഉടല് ഇരണ്ടു ഉയിർ ഒൻറു.

കർണ്ണാടകം    ഒടലെരഡു ജീവ ഒന്ദേ.

തെലുങ്ക്    ഒഡലു രണ്ടു ഉസിരു വകഡി.

69

ഉണ്ട ചോററിൽ കല്ലിടരുതു്.

തമിഴ്    ഉണ്ട ചോററുക്കു ഇരണ്ടകം ചെയ്യലാമാ?

കർണ്ണാടകം ഉണ്ട മനഗെ ഇരഡു നിനയബഹുദേ.

തെലുങ്ക് ഉണ്ഡ ചോട്ടുക്ക രണ്ടുചേയുടാ?

70

ഉണ്ടവനേ ഉഴിയം കാണൂ.

തമിഴ് ഉണ്ടവൻ ഉരം ചെയ്‌വാൻ

71

ഉണ്ടവീട്ടിൽ കണ്ടുകെട്ടരുതു്.

തമിഴ് ഉണ്ട വീട്ടുക്ക ഇരണ്ടകം ചെയ്യലാമാ?

കർണ്ണാടകം ഉണ്ട മനെഗെ എരഡു നിനയ ബഹുദെ.

72

ഉണ്ടുരുചി കണ്ടവനും പെണ്ണുരുചി അറിഞ്ഞവനും വിടുകയില്ല.

തമിഴ് ഉണ്ടുരുശി കണ്ടവനും പെണ്ടുരുശി കണ്ടവനും വിടമാട്ടാൻ.

കർണ്ണാടകം ഉണ്ടരുചി കണ്ടവന്ത ഹെണ്ഡരുചി കണ്ടവന്ത ബിഡലാരാ.

73

ഉണ്ണുന്നവൻ അറിഞ്ഞില്ലെങ്കിൽ വിളമ്പുന്നവൻ അറിയണം.

കർണ്ണാടകം  ഉണ്ണുവവനിഗെ തിളിയദിദ്ദരു ബഡിസുവ
വനിഗെ തിളിയദേ.

74

ഉപ്പില്ലാപ്പണ്ടം കുപ്പയിൽ.

തമിഴ്  ഉപ്പില്ലാപ്പണ്ടം കുപ്പൈയിലേ.

75

ഉപ്പുതിന്നവൻ വെള്ളം കുടിക്കും.

തമിഴ്  ഉപ്പുത്തിൻറവൻ തണ്ണീർ കുടിപ്പാൻ.

കർണ്ണാടകം  ഉപ്പുതിന്ദവനു നീരു കുഡിദാനു.

തെലുങ്ക്  ഉപ്പുതിന്നവാഡു നീള്ളു താഗു താഡു.

76

ഉപ്പുതൊട്ടു കർപ്പൂരംവരെ.

തമിഴ്  ഉപ്പു മുതൽ കർപ്പൂരം വരൈ.

77

ഉയരെപ്പറന്നാലും ഊർക്കുരുവി പരുന്താകുമോ?

തമിഴ്  ഉയരപ്പറന്താലും ഊർക്കുരുവി പരുന്താകുമാ?

78

ഉരലുചെന്നു മദ്ദളത്തോടു സങ്കടം പറയുന്നതുപോലെ.

തമിഴ് ഉരലുക്കു ഒരുപക്കം ഇടി; മത്തളത്തുക്കു ഇരണ്ടുപക്കമും ഇടി.

കർണ്ണാടകം ഉരളിഗെ ഒന്ദുപക്കക്കെ പെട്ടു; മദ്ദളിഗെ ഇരഡു പക്കകെ പെട്ടു.

തെലുങ്ക് രോലു വെള്ളി മദ്ദളത്തോട്ടി ബാധ ചെപ്പു കൊന്നദി.

79

ഉള്ളതു ചൊന്നാൽ ഉടമ്പെരിയും.

തമിഴ് ഉള്ളതു ചൊന്നാൽ ഉടമ്പു എരിയും.

കർണ്ണാടകം കണ്ടദ്ദു കണ്ട ഹാഗെ ഹേളിദരെ കെണ്ടദന്ത കോപ.

തെലുങ്ക് ഉന്ന മാട അംണ്ടേ ഉലികേസു കൊന്നി വസ്തുന്നദി.

80

ഉള്ളതു ചൊന്നാൽ ഊറിയും ചിരിക്കും.

തമിഴ് ഉള്ളതൈ ച്ചൊൻറാൽ ഉടമ്പു എരിയും.

കർണ്ണാടകം കണ്ടദ്ദു കണ്ടഹാഗെ ഹേളിദരെ കെണ്ഡദന്ത കോപ.

തെലുങ്ക് നിജമാഡിതേ നിഷ്ഠുരമു.

81

ഉള്ളതു വിററു നല്ലതു കൊള്ളുക.

തമിഴ് ഉള്ളതൈ വിററു നല്ലതൈക്കൊള്ള.

82

ഉള്ളം അറിയാത്ത കള്ളമില്ല.

തമിഴ് നെഞ്ചറിയാത പൊയ് ഇല്ലൈ.

തെലുങ്ക് മനസെരുഗനി അബദ്ധമു മുന്നദാ?

83

ഉള്ളംകൈയ്യിൽ നെല്ലിക്ക.

തമിഴ് ഉള്ളങ്കൈയ്യിൽ നെല്ലിക്കനി.

കർണ്ണാടകം അംഗൈയ് ഒളഗിന നെല്ലിക്കായി.

തെലുങ്ക് അരചേതിലോ ഉസിരിക്കായ.

# ഊ

84

ഊരെല്ലാം ഉററവർ; ഒരു വായ് ചോററില്ല.

| | |
|---|---|
| തമിഴ് | ഊരെല്ലാം ഉറവു; ഒരു വായ്ച്ചോററില്ലെ. |
| കർണ്ണാടകം | ഊരെല്ലാ നണ്ടരു; ഉണ്ണബഡിസുഖവരില്ല. |
| തെലുങ്ക് | ഊരന്താ ചുട്ടാള്ളു; ഉട്ടികണ്ടതാവലേദു. |

85

ഊമകണ്ട കിനാവുപോലെ.

| | |
|---|---|
| തമിഴ് | ഊമൈ കണ്ട കനാപ്പോല. |
| കർണ്ണാടകം | മൂക കണ്ട കനസിന ഹാഗെ. |
| തെലുങ്ക് | മൂഗി വാനികി കല വെച്ചിനട്ല്ലു. |

# എ

86

എങ്ങനെ വീണാലും മൂക്കു മേലെ.

കർണ്ണാടകം　എത്ത ബിദ്ദരു മൂഗു മേലെ.

87

എച്ചിലില കണ്ട നായെപ്പോലെ.

തമിഴ്　എച്ചിൽ ഇലൈ കണ്ട നായ്പോല.

കർണ്ണാടകം　എഞ്ജലു എലെ കണ്ട നായിയ ഹാഗെ.

88

എച്ചിൽക്കൈയ്യുകൊണ്ടു കാക്കയൊട്ടുകയില്ല.

തമിഴ്　എച്ചിൽക്കൈയ്യാൽ കാക്കായ് ഓട്ടമാട്ടാൻ.

കർണ്ണാടകം　എഞ്ജലു കയ്യിന്ദ കാഗെ അട്ടനു.

തെലുങ്ക്　എംഗിലി ചേത്തോ കാകി കയ്നാ മെതുക
വിദപഡു.

89

എടുപ്പതു പിച്ച; ഏറവതു പല്ലക്ക്.

തമിഴ് എടുപ്പതു പിച്ചൈ; ഏറുവതു പല്ലക്കു.

90

എണ്ണ മുന്തുമോ, തിരി മുന്തുമോ?

തമിഴ് എണ്ണെ മുന്തുമോ, തിരി മുന്തുമോ?

കർണ്ണാടകം എണ്ണെ മുംചോ, ബത്തി മുംചോ?

91

എണ്ണിച്ചെയ്യുന്നോൻ ചെട്ടി; എണ്ണാതെ ചെയ്യുന്നോൻ മട്ടി.

തമിഴ് എണ്ണിച്ചെയ്കിറവൻ ചെട്ടി; എണ്ണാമൽ ചെയ്കിറവൻ മട്ടി.

92

എരിയുന്ന തീയിൽ എണ്ണ ഒഴിച്ചപോലെ.

തമിഴ് എരികിറ നെരുപ്പിൽ എണ്ണെ വാർത്താർ പോല.

കർണ്ണാടകം ഉരിയുവ ബെങ്കിഗെ എണ്ണെ ഒയിട്ട ഹാഗെ.

93

എരിയുന്ന പുരയിൽനിന്നു് ഊരുന്ന വാരി ലാഭം.

തമിഴ്   എരികിറ വീട്ടിൽ എടുത്തതു ലാഭം.

94

എലിയെപ്പേടിച്ചു് ഇല്ലം ചുട്ടപോലെ

തമിഴ്   എലിക്ക പ്പയന്തു വീട്ടൈച്ചുട്ടപോലെ.

കർണ്ണാടകം   ഇലിഗെ ഹെദറി മനയെന്നു സുട്ടന്തെ.

തെലുങ്കു്   എലുകമീദി കോപാന ഇണ്ഡികെ ചിച്ചുപെട്ടു കോന്നട്ടു.

95

എലി വലുതായാൽ പെരുച്ചാഴിയോ?

തമിഴ്   എലി പെരുത്താൽ പെരുച്ചാളി ആകുമാ?

തെലുങ്കു്   എലിക പെദ്ദദയ്തേ പന്ദികൊക്കു അഗുനാ?

96

എലിവേട്ടയ്ക്കു തകിലടിക്കുമോ?

തമിഴ്   എലിവേട്ടൈക്ക തവിൽ അടിപ്പ്പാർകളാ?

കർണ്ണാടകം   ഇലിബേടെഗെ തപ്പടെ ബഡിയുവരെ.

തെലുങ്കു്   എലുക വേടകു തപ്പെട വായുന്തുരാ?

97

എല്ലാത്തലയിലും എട്ടെഴുത്തു്; പാപിത്തലയിൽ
പത്തെഴുത്തു്.

| | |
|---|---|
| തമിഴ് | എല്ലാത്തലൈയിലും എട്ടെഴുത്തു; പാവിതലൈയിൻ പത്തെഴുത്തു. |

98

എല്ലാമറിഞ്ഞവനുമില്ല; ഏതും അറിയാത്തവനും ഇല്ല.

| | |
|---|---|
| തമിഴ് | എല്ലാമറിന്തവനും ഇല്ലൈ; ഏതും അറിയാ തവനും ഇല്ലൈ. |
| കർണ്ണാടകം | എല്ല ബല്ലവനുമില്ല; ഏനു തിളിയദവനുമില്ല. |
| തെലുങ്കു് | അന്നി തെലിസിനവാഡു ലേഡു; ഏമി തെലിയനിവാഡു ലേഡു. |

99

എല്ലാരും പല്ലക്കേറിയാൽ ചുമക്കുന്നതു് ആരു്?

| | |
|---|---|
| തമിഴ് | എല്ലാരും പല്ലക്ക ഏറിനാൽ പല്ലക്കൈ യാർ തൂക്കുകിറതു? |
| കർണ്ണാടകം | എല്ലരു പല്ലകി ഏരിദരെ ഹൊരുവവരു യാരു? |
| തെലുങ്കു് | അന്ദരൂ പല്ലകി എക്കിതെ മൊശേവാരെവരു. |

100

എളിയവരെ വലിയവനടിച്ചാൽ വലിയവനെ ദൈവം അടിക്കും.

തമിഴ്     എളിയാരൈ വലിയാർ അടിത്താൽ വലിയാരൈ തെയ്‌വം അടിക്കും.

തെലുങ്ക്     അല്പവുഡിനി ബലവുഡ കൊട്ടിതേ ബലവുഡു നി ബ്രഹ്മദേവുഡു കൊഡതാഡു.

101

എള്ളിനു ഏഴുഴവ്; കൊള്ളിന് (മുതിരയ്ക്ക്) ഒരുഴവ്.

തമിഴ്     എള്ളുക്കു ഏഴുഴവ്; കൊള്ളുക്കു ഓർ ഉഴവു.

102

എള്ളിനുതക്ക എണ്ണ.

തമിഴ്     എള്ളുക്കു തക്ക എണ്ണെ.

കർണ്ണാടകം     എള്ളിഗെ തക്ക എണ്ണെ.

തെലുങ്ക്     നവ്വുലകു തകിന നൂനെ.

103

എള്ളിൽ എണ്ണപോലെ.

തമിഴ്     എള്ളുക്കുൾ എണ്ണെപോല.

കർണ്ണാടകം     എള്ളിനൊള്ഗിന എണ്ണയംതെ.

104

എള്ളിലെ വാരം മുതിരയിൽ തീരും.

കർണ്ണാടകം എള്ള കിത്തു ഹുരുളി ചെല്ലിദ ഹാഗെ.

105

എള്ളു കായുന്നതു എണ്ണയ്ക്കു; എലിക്കാട്ടം കായുന്നതോ?

തമിഴ് എള്ളുത്താൻ കായുതു; എലിപ്പുഴുക്കൈ ഏൻ കായുതു?

കർണ്ണാടകം എള്ളന്തു എണ്ണഗെ ഒണഗിതു? നീനേകെ ഒണഗിതെ? മരലെ ബീജവേ?

106

എള്ളുതിന്നാൽ എള്ളോളം വിശപ്പുതീരും.

തമിഴ് എള്ള തിൻറാൽ എള്ളത്തനൈ പശിതീരും.

107

എളെളറിഞ്ഞാൽ കീഴേ വീഴില്ല.

തമിഴ് എറം വിഴന്താൽ കീഴേ വിഴാതു.

കർണ്ണാടകം എള്ള ബിട്ടരെ കെളഗെ ബീളാദ.

108

എഴുതിയ വിധി അഴുതാൽ തീരുമോ?

തമിഴ് എഴുതിയ വിതി അഴുതാൽ തീരുമാ?

109

എറമ്പു മുട്ടയുംകൊണ്ടു തിട്ടയിൽ ഏറിയാൽ
മഴപെയ്യും.

തമിഴ് എറമ്പു മുട്ടയ്കൊണ്ടു തിട്ടൈ ഏറിനാൽ
മഴൈ പെയ്യും.

കർണ്ണാടകം ഇരുവെ മൊട്ടെ തെക്കൊണ്ടു ഹൊരട്ടറെ മഴെ.

110

എറമ്പൂരെ കല്ലും തേയും.

തമിഴ് എറമ്പു ഊര കല്ലും തേയും.

# ഏ

111

ഏട്ടിൽ ചുരക്ക കറിക്കാകാ.

തമിഴ്   ഏട്ടുച്ചുരെക്കായ് കറിക്കാകുമാ?

112

ഏത്തപ്പാട്ടിനു എതിർപാട്ടില്ല.

തമിഴ്   ഏററപ്പാട്ടുക്കു എതിർപാട്ടില്ലൈ.

113

ഏറിയാൽ ഇറങ്ങും.

തമിഴ്   ഏറിന കൊമ്പാൽ ഇറങ്കവേണ്ടും.

കർണ്ണാടകം   ഏറിദവ ഇളിദാനു.

തെലുങ്കു്   എക്കിന വാഡു ദിഗക പോതാഡാ.

# ഒ

## 114

ഒക്കത്തു കുട്ടിയെവെച്ചു് ഊരെല്ലാം തേടിയപോലെ.

| | |
|---|---|
| തമിഴ് | ഒക്കലിലേ പിളൈളയൈ വൈത്തു ഊരെങ്കും തേടിനാർ പോല. |
| കർണ്ണാടകം | കങ്കുളല്ലി കൂസുയെത്തി ഊരെല്ലാ ഹുഡികിദ ഹാഗെ. |
| തെലുങ്കു് | സംകലൊ പില്ലന പെട്ടുകൊനി ഊരെല്ലാ വെദകിനട്ലു. |

## 115

ഒത്തിരുന്നാൽ പത്തുബലം.

| | |
|---|---|
| തമിഴ് | ചേർന്തു വാഴ്വതൈ ചിറന്ത വലിമൈ. |
| കർണ്ണാടകം | ഒഗ്ഗട്ടിനല്ലി ബലവിദെ. |

116

ഒരിക്കലുണ്ണുന്നവൻ യോഗി; രണ്ടുനേരമുണ്ണുന്നവൻ ഭോഗി; മൂന്നുണ്ണുന്നവൻ രോഗി; നാലുണ്ണുന്നവൻ പോയി.

തമിഴ് ഒരു പൊഴുതു ഉൺപവൻ യോകി; ഇരുപൊഴുതു ഉൺപവൻ പോകി; മുപ്പൊഴുതു ഉൺപവൻ രോകി.

കർണ്ണാടകം ഒപ്പത്തുണ്ടവ യോഗി: ഇപ്പൊത്തുണ്ടവ ഭോഗി; മൂരൊത്തുണ്ടവ രോഗി; നാൽകൊത്തുണ്ടവന കൊണ്ടോഗി.

117

ഒരു കലം ചോററിന് ഒരു വററു പതം.

തമിഴ് ഒരു പാനൈ ചോററുക്കു ഒരു ചോറു പതം.

118

ഒരു കണ്ണിൽ വെണ്ണ; മറുകണ്ണിൽ ചുണ്ണാമ്പ്.

തമിഴ് ഒരു കണ്ണിൽ വെണ്ണെയ്; മറുകണ്ണിൽ ചുണ്ണാമ്പാ?

കർണ്ണാടകം ഒന്ദു കണ്ണിഗെ ബെണ്ണെ; മത്തൊന്ദു കണ്ണിഗെ സുണ്ണഃവാ?

തെലുങ്ക് ഒക കണ്ട്ലു വെണ്ണ; മറൊക കണ്ട്ലു സുന്നമു.

119

ഒരു കണ്ണു കണ്ണോ? ഒരു മകൻ മകനോ?

| | |
|---|---|
| തമിഴ് | ഒരു പിള്ളെ പിള്ളെയാകുമാ? ഒരു മരം തോപ്പാകുമാ? |
| കർണ്ണാടകം | ഒന്ദു കണ്ണു കണ്ണല്ല; ഒബ്ബ മഗ മഗനല്ല. |
| തെലുങ്ക് | ഒക കന്നു കന്നുകാദു; വകകൊടുക്കു കൊടുക്കാദു. |

120

ഒരു കളവു മറയ്ക്കാൻ ഒമ്പതു കളവ്.

| | |
|---|---|
| തമിഴ് | ഒരു പൊയ്യെ മറയ്ക്ക ഒമ്പതു പൊയ് വേണ്ടും. |
| കർണ്ണാടകം | ഒന്ദു സുള്ളന്നു മുച്ചലു ഒമ്പത്തു സുള്ളു. |
| തെലുങ്ക് | ഒക അബദ്ധം കമ്മഡാനകു വെയ്യി അബദ്ധാലു. |

121

ഒരു ചക്ക മുള്ളോടെ തിന്നുന്നവൻ

| | |
|---|---|
| തെലുങ്ക് | തോലു തീയ്യക്കനെ തൊനലു മ്രിംഗിനവാഡു. |

122

ഒരുനാഴിക്കുളത്തിനു മീശ ചെരയ്ക്കണമോ?

| | |
|---|---|
| തമിഴ് | ഒരുനാഴിക്കുളത്തുക്കു മീശയൈച്ചെരൈക്കലാമാ? |

കർണ്ണാടകം ഒന്ദു ദിനദ വേഷകെ മീസെ ബോളിസ
ബേകേ?

തെലുങ്ക് ഒകനാടി വേഷാനികി മീസാലു ഗൊറി
ഗിഞ്ചു കൊന്നാഡു.

123

ഒരു നന്ദി ചെയ്തവനെ ഉള്ളത്തിൽ വെയ്ക്കണം.

തമിഴ് ഒരു നൻറി ചെയ്താരെ ഉള്ളവും നിനൈ.

124

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

കർണ്ണാടകം മെച്ചിദവനിഗെ മസണ സുഖ.

125

ഒരു മരം കാവാകയില്ല

തമിഴ് തനി മരം തോപ്പാകുമാ?

126

ഒഴുക്കു നീററിൽ അഴുക്കു് ഇല്ല.

തെലുങ്ക് പാരേ ഏട്ടിലോ ബുരദ ഉണ്ഡദു.

# ഓ

127

ഓടം വണ്ടിയിലും വണ്ടി ഓടത്തിലും.

| | |
|---|---|
| തമിഴ് | ഓടം വണ്ടിയിൽ ഏറും; വണ്ടിയിൽ ഓടം ഏറും. |
| തെലുങ്ക് | ഓഡലു ബണ്ഡ്ലു അഗനു; ബണ്ഡ്ലു ഓഡല്ലു അഗനു. |

128

ഓട്ടക്കപ്പലിനു് ഒമ്പതു മാലുമി.

| | |
|---|---|
| തമിഴ് | ഓട്ടൈക്കപ്പലുക്കു ഒമ്പതു മാലുമി. |

129

ഓന്തിനു വേലി സാക്ഷി; വേലിക്കു ഓന്തു സാക്ഷി.

| | |
|---|---|
| തമിഴ് | ഓണാനുക്കു വേലി സാക്ഷി; വേലിക്കു ഓണാൻ സാക്ഷി. |

| | |
|---|---|
| കർണ്ണാടകം | ഓത്തിഗെ ബേലി സാക്ഷി; ബേത്തിഗെ ഓത്തി സാക്ഷി. |
| തെലുങ്ക് | തൊണ്ഡക വെലുഗു സാക്ഷി; വെലുഗുക തൊണ്ഡ സാക്ഷി. |

130

ഓന്തും പിള്ള തേമ്പിത്തേമ്പി.

| | |
|---|---|
| തമിഴ് | ചേമ്പർ എൻപവർ തേമ്പിത്തിരിവർ. |

# ക

131

കഞ്ഞി കുടിച്ചു കിടന്നാലും മീശ തുടയ്ക്കാൻ ആള്

വേണം.

തമിഴ്	കുടിപ്പതു കൂഴ്; കൊപ്പളിപ്പതു പന്നീർ.

കർണ്ണാടകം	അംബലി കുഡിയുവഗെ മീശെ തിക്കുവനൊബ്ബ.

തെലുങ്ക്	അംബലി ത്രാഗവാനികി മീസാല

എത്തിപെട്ടേ വാഡു വകഡു.

132

കടന്നൽക്കൂടിനു കല്ലെറിഞ്ഞപോലെ.

കർണ്ണാടകം	കടന്ദുരു ഗൂഡിഗെ കല്ലെസദ ഹാഗെ.

133

കടമില്ലാത്ത കഞ്ഞി ഉത്തമം.

തമിഴ്	കടൻ ഇല്ലാത കഞ്ചി കാല് വയറുപോതും.

കർണ്ണാടകം    കട ഇല്ലദ ഗഞ്ചി കാലുഹൊട്ടെ സാക.

തെലുങ്ക്    അപ്പുലേനി ഗഞ്ചി ദൊപ്പെഡെ ചാലുനു.

134

കടലിൽ കലക്കിയ കായം പോലെ.

തമിഴ്    കടലിൽ കരൈത്ത കായം.

കർണ്ണാടകം    സമുദ്രക്കെ കരഡിദ്ദ ഇംഗു

135

കടലിൽ ചെന്നാലും നായ് നക്കിയേ കുടിക്കൂ.

തമിഴ്    ആറു പെരുകിപ്പോനാലും നായ് നക്കിത്താൻ കുടിക്കും.

കർണ്ണാടകം    സമുദ്രകെ ഹോദരു നായി നക്കിയേ കുടിദീതു.

136

കടൽ മീനിനു നീന്തു പഠിപ്പിക്കണമോ?

തമിഴ്    കടൽ മീനുക്കു നീച്ചു പ്പഴക്ക വേണ്ടുമാ?

കർണ്ണാടകം    മീനിഗെ മരിഗെ ഈജു കലിസ ബേക്കേ?

137

കടം വാങ്ങി ചെലവുചെയ്തവനും മരമേറി
കൈവിട്ടവനും ശരി

തമിഴ് കടൻവാങ്കി ശെലവു ശെയ്യവനും മരം ഏറി കൈവിട്ടവനും ശരി.

കർണ്ണാടകം കടതെക്കൊണ്ടു കർച്ചുമാഡിദവന്തു മരവേറി കയ്ബിട്ടബന്തു ഒന്ദേ.

138

കട്ടകു ചോരുന്നതു കാണും; ആന ചോരുന്നതു കാണാ.

തമിഴ് കട്ടകു പോനവഴി തെരിയും; പൂശനിക്കായ് പോന വഴി തെരിയാതു.

കർണ്ണാടകം സൂജി ഹോഗുവല്ലി മുച്ചി; കുമ്പളക്കായി ഹോഗുവല്ലി ബിഡു.

139

കട്ടപ്പാറ വിഴുങ്ങിയിട്ടു ചുക്കുവെള്ളം കുടിച്ചാൽ ദഹിക്കുമോ?

തമിഴ് കട്ടെപ്പാറൈയെ വിഴുങ്കി ചുക്കുത്തണ്ണീർ കുടിത്താൽ ചെരിക്കുമാ.

140

കണ്ടവർ മിണ്ടുകയില്ല; മിണ്ടിയവർ കണ്ടതുമില്ല.

തമിഴ് കണ്ടവർ വിണ്ടിലർ; വിണ്ടവർ കണ്ടിലർ.

കർണ്ണാടകം കണ്ടവരു നുഡിയുവുദില്ല; നുഡിദവരു കാണുവദില്ല.

141

കണ്ണിന്റെ കുററം കണ്ണിനറിയുമൊ?

| | |
|---|---|
| തമിഴ് | കൺകുററം കണ്ണുക്കു തെരിയുമാ? |
| കർണ്ണാടകം | കണ്ണകാഢിഗെ കണ്ണറിയുവുദേ? |
| തെലുങ്കു് | കന്നുനൊപ്പി കണ്ടികി തെലിയുനാ? |

142

കണ്ണിൽ കൊള്ളേണ്ടതു പുരികത്തിനു കൊണ്ടു.

| | |
|---|---|
| തമിഴ് | തലക്കു വന്തതു തലപ്പാകൈയോടുപോച്ചു. |
| കർണ്ണാടകം | കണ്ണിഗെ ബരുവുദു ഹുബ്ബിഗെ ബിത്തു. |

143

കണ്ണു കെട്ടത്ത ദൈവം മതി കൊട്ടത്തു.

| | |
|---|---|
| തമിഴ് | കണ്ണൈക്കെട്ടത്ത തൈവം<br>മതിയൈക്കൊട്ടത്തതു. |
| തെലുങ്കു് | കന്ധ്ലു പോഗൊട്ടിന ദേവുഡു മതി ഇച്ചിനട്ടു. |

144

കഥയ്ക്കു കാലുമില്ല തലയുമില്ല.

| | |
|---|---|
| തമിഴ് | കതൈക്കു കാലുമില്ലൈ; തലൈയും ഇല്ലൈ |
| കർണ്ണാടകം | കതെഗെ കാലൂ ഇല്ല തലയൂ ഇല്ല. |
| തെലുങ്കു് | കഥകു കാളുതലവു മന്തകു ചെവുലു ലേവു. |

145

കനിയായാൽ പഴം താനേ വീഴും.

തമിഴ് കനിന്ത പഴം താനേ വിഴും.

തെലുങ്ക് പണ്ഡിന പണ്ഡു താനേ രാലുനു.

146

കന്നിക്കറിയുമോ കാമരസം?

തമിഴ് കന്നി അറിവാളോ കാമരസം?

കർണ്ണാടകം കന്നെ അറിവെളെ കാമരസ?

തെലുങ്ക് കന്യക തെലുസുനാ കാമരസമു?

147

കമ്പത്തിൽ കയറി ആയിരം വിദ്യ കാട്ടിയാലും താഴെവന്നേ സമ്മാനമുള്ളൂ.

തമിഴ് കഴൈക്കൂത്തു ആടിനാലും കാശുക്കു കീഴേതാൻ വരവേണം.

148

കമ്പിളിക്കെട്ടു് എന്നു കരുതി കരടിയെ പിടിച്ചപോലെ.

തമിഴ് കമ്പളി മൂട്ടൈ എൻറു കരടിയൈ
പിടിത്താർപോല.

കർണ്ണാടകം കംബളിക്കട്ടു എന്ദു കരടി ഹിഡിദ ഹാഗെ.

149

കയറില്ലാപ്പമ്പരംപോലെ.

തമിഴ് കയറില്ലാപ്പമ്പരംപോല.

150

കരണം പിഴച്ചാൽ മരണം.

തമിഴ് കരണം തപ്പിനാൽ മരണം.

കർണ്ണാടകം കരണ തപ്പിദരെ മരണ.

151

കരയുന്ന കുട്ടിക്കേ പാലുള്ളൂ.

തമിഴ് അഴുത പിള്ളൈ പാല് കുടിക്കും.

കർണ്ണാടകം അളുവ കൂസിഗെ ഹാലു.

തെലുങ്ക് ഏഡ്ചിന ബിഡ്ഡക്ക പാലു.

152

കരിമ്പെന്നും ചൊല്ലി വേരോളം ചവയ്ക്കരുത്.

തമിഴ് കരുമ്പു രുചിയെൻറു വേരോടു പിടുങ്കലാമാ?

കർണ്ണാടകം കബ്ബു രുചിയെന്ദു ബേരു അഗിയ്യുദെ.

തെലുങ്ക് ചെറുകു തീപിയനി വേള്ളതോ നമല വച്ചുനാ.

153

കരിമ്പിൻതോട്ടത്തിൽ ആന കേറിയപോലെ.

കർണ്ണാടകം കബ്ബിന തോടദ്ഌ ആനൈ ഹൊക്ക ഹാഗെ.

154

കരിമ്പു തിന്നാൻ കൂലിയോ?

തമിഴ് കരുമ്പുതിന്ന ക്കൂലിയാ.

കർണ്ണാടകം കബ്ബു തിന്നലു കൂലിയോ?

തെലുങ്ക് ചെറകു തിനടകു കൂലിയാ?

155

കല്ലു കിള്ളിയാൽ കൈയ് നോവും.

തമിഴ് കല്ലെക്കിള്ളിനാൽ കൈയ് നോവും.

തെലുങ്ക് രായി ഗ്രുട്ടനേല ചെയ്യി നൊവ്വനേല.

156

കല്ലെന്നാലും കണവൻ പുല്ലെന്നാലും പുരുഷൻ.

തമിഴ് കല് എൻറാലും കണവൻ പുല് എൻറാലും പുരുഷൻ.

157

കല്ല്യാണത്തിരക്കിൽ താലികെട്ടമറന്നു.

തമിഴ് കല്ല്യാണസ്സന്തടിയിൽ താലികട്ട മറന്താൻ.

കർണ്ണാടകം മദ്ദുവെ സന്തണിയല്ലി താലികെട്ടലു മറെത

തെലുങ്കു് പെംൻട്ലി സന്തട്ലൊ താളിബൊട്ടു കെട്ട മറച്ചിനാഡു

158

കവുങ്ങിനും തെങ്ങിനും ഒന്നോ തളപ്പ്?

കർണ്ണാടകം അടിക്കെ മരക്കു തെങ്കിന മരക്കു ഒന്ദെ തളയോ?

159

കഴുത അറിയുമോ കസ്തൂരിവാസന?

തമിഴ് കഴുതക്കു തെരിയുമാ കസ്തൂരിവാസനൈ?

കർണ്ണാടകം കത്തെ ബല്ലുദെ കസ്തൂരിപരിമള?

തെലുങ്കു് ഗാഡിദയ്ക്കേമി തെലുസു ഗന്ധമുകമ്പു?

160

കളി കാര്യമായി.

തമിഴ് വിളൈയാട്ടു വിനൈയായ് മുട്ടിന്തതു.

കർണ്ണാടകം ആട ഹോഗി ഗാസി ആയിതു.

161

കള്ളനെ കാവലാക്കിയപോലെ.

| | |
|---|---|
| തമിഴ് | കള്ളനൈ ക്കാവല് വൈത്താർപോല. |
| കർണ്ണാടകം | കള്ളന കാവല് ഇട്ട ഹാഗ. |
| തെലുങ്ക് | ദൊംഗവാകിട മഞ്ചമുഃവഗിനട്ടു. |

162

കള്ളനെ നമ്പിയാലും കള്ളനെ നമ്പരുത്.

| | |
|---|---|
| തമിഴ് | കള്ളനൈ നമ്പിനാലും കള്ളനൈ നമ്പലാകാത്തു്. |
| കർണ്ണാടകം | കള്ളന നമ്പിദരൂ കള്ളന നമ്പ ബേഡാ. |
| തെലുങ്ക് | പൊട്ടിവാഡിനി പൊട്ടലവാഡി നമ്പരാദു. |

163

കള്ളനേ അറിയൂ കള്ളന്റെവഴി.

| | |
|---|---|
| തമിഴ് | കള്ളനക്കത്തെരിയും തിരുട്ടുപുത്തി. |
| കർണ്ണാടകം | കള്ളന ഹെജ്ജെ കള്ളനേ ബെല്ല. |
| തെലുങ്ക് | ദൊംഗന ദൊംഗയേ എറുഗുനു. |

164

കള്ളുകടയിൽനിന്നു പാലുകുടിച്ചാലും കള്ളേന്നേപറയൂ.

| | |
|---|---|
| തമിഴ് | പനയടിയിലിരുന്തു പാലൈക്കുടിത്താലും കള്ളെക്കുടിത്താൻ എൻറു ചൊല്ലുവർ. |
| കർണ്ണാടകം | താളെ മരദ അഡിയെല്ലി ഹാലു കുടിദ ഹാഗെ. |
| തെലുങ്ക് | ത്രാഡി ചെട്ടുക്രിന്ദ പാലു താഗിനാ കല്ലു താഗിനാ വണ്ടാരു. |

165

കള്ളുകടിച്ചാൽ ഉള്ളതു ചൊല്ലും.

| | |
|---|---|
| തമിഴ് | കള്ളെ കുടിത്താൽ ഉള്ളതൈ ചൊൽവാൻ. |

# കാ

166

കാക്ക കുളിച്ചാൽ കൊക്കാകുമോ?

| | |
|---|---|
| തമിഴ് | കാക്കൈ കുളിത്താൽ കൊക്കാകുമാ? |
| കർണ്ണാടകം | കരിനായി ബിളിനായി യാദീതേ? |
| തെലുങ്ക് | ഗംഗലൂ സ്നാനമു ചേസിനാ കാകി കൊംഗ അഗുനാ? |

167

കാക്കയ്ക്കു് ഇരുട്ടിൽ കണ്ണുകാണില്ല.

| | |
|---|---|
| തമിഴ് | കാക്കക്കു ഇരുട്ടിൽ കൺതെരിയാതു. |
| കർണ്ണാടകം | കാഗഗെ ഇരുളു ആഗദു. |
| തെലുങ്ക് | കാകികി ചീകടിലു കാണലാദു. |

168

കാക്കയും വന്നു പനമ്പഴവും വീണു.

തമിഴ്   കാക്കൈ ഇരുന്തതു പനംപഴം വിഴുന്തതു.

കർണ്ണാടകം   കാഗെ ബന്ദു ടൊങ്കെ മുറിയിതു.

169

കാക്കയ്ക്കും തൻകുഞ്ഞു പൊൻകുഞ്ഞ്.

തമിഴ്   കാക്കൈക്കും തൻകുഞ്ചു പൊൻകുഞ്ചു.

കർണ്ണാടകം   കാഗെഗ്ഗ തന്നമരി പൊന്നമരി.

തെലുങ്ക്   കാകി പിള്ള കാകികി മുദ്ദു.

22390
P3:4:6
32.K1
MADRAS UNIVERSITY
- 3 APR 200
CHENNAI-600

170

കാഞ്ചീപുരത്തും മഞ്ചത്തിന്നു കാലു നാല്.

തമിഴ്   കഞ്ചിക്കു പോനാലും മഞ്ചത്തിൻ് കാല്
നാങ്കു.

കർണ്ണാടകം   കഞ്ചിഗെ ഹോദരു മഞ്ചകെ നാൽകേ കാലു.

തെലുങ്ക്   കഞ്ചിക്കു പോയിന മഞ്ചാനികി കാള്ളു നാലുഗു.

171

കാടിക്കഞ്ഞിയും മൂടിക്കുടിക്കണം.

തമിഴ്   കാടിക്കഞ്ചി ആനാലും മൂടിക്കുടി.

172

കാട്ടുകോഴിക്കുണ്ടോ സംക്രാന്തി?

തമിഴ് കാട്ടപ്പൂനയ്ക്കു ശിവരാത്രിയാ?

കർണ്ണാടകം കാഡു കോളിഗെ സംക്രാന്തിയേ?

173

കാതററ സൂചിയും കൂടെവരാ.

തമിഴ് കാതററ ഊശിയും കൂടവാരാതു.

174

കാമത്തിന്നു കണ്ണില്ല.

തമിഴ് കാമത്തുക്കു കണ്ണില്ലെ.

കർണ്ണാടകം കാമക്കെ കണ്ണില്ല.

തെലുങ്ക് കാമിനികി കണ്ണു ലേദു.

175

കായ്ച്ച മരത്തിലേ കല്ലെറിയൂ.

തമിഴ് കായ്ത്ത മരം കല്ലെറിപെടും.

കർണ്ണാടകം കായിട്ട മരക്കെ കല്ലു ബീളുവദു.

തെലുങ്ക് കാചിന ചെട്ടുകു രാള്ള ദബ്ബലു.

176

കാർത്തിക കഴിഞ്ഞാൽ മഴയില്ല, കർണ്ണൻ പെട്ടാൽ കൊടയില്ല.

തമിഴ് കാർത്തികക്കുപ്പിൻ മഴൈയില്ലൈ. കർണ്ണനു ക്കുപ്പിൻ കൊടൈയില്ലൈ.

177

കാര്യം കാണാൻ കഴുതക്കാലും പിടിക്കും.

തമിഴ് കാരിയം ആകുംവരൈയിൽ കഴുതൈയൈയും കാലൈപ്പിടി.

കർണ്ണാടകം കാര്യ ആഗുവ തനക കത്തെയക്കാലാ ഹിഡി.

തെലുങ്ക് കാര്യം വച്ചിനപ്പുഡു ഗാഡിദക്കാളുള്ള ആയിനാ പട്ടാലി.

178

കാലത്തിനൊത്ത കോലം.

തമിഴ് കാലത്തുക്കേ ഏററ കോലം.

കർണ്ണാടകം കാലക്കെ തക്ക കോല.

തെലുങ്ക് കാലാനുസാരംഗ മനവു ഗഡപാലി.

179

കാലിനു ചുററിയ പാമ്പു കടിക്കാതെ പോകുമോ?

തമിഴ് കാലൈച്ചുററിയ പാമ്പു കടിക്കാമൽ പോകുമാ?

തെലുങ്ക് കാള്ളനു ചുട്ടിന പാമു കറവക മാനുനാ?

180

കാൽപ്പണത്തിന്റെ പൂച്ച ഒരു പണത്തിന്റെ
നെയ് കുടിച്ചു.

തമിഴ് കാല്പ്പണത്തുക്കു രംകു മുക്കാൽപ്പണത്തു
വാഴൈപ്പഴത്തൈ വിഴുങ്ങിററു.

കർണ്ണാടകം കാലു ഹണദ ബെക്കു മുക്കാലു ഹണദ തുപ്പ
തിന്ദിതു;

181

കാൽപ്പണം ചുണ്ടങ്ങയ്ക്കു് അരപ്പണം ചുമട്ടുകൂലി.

തമിഴ് ചുണ്ടൈക്കായ് കാറ്പണം, ചുമൈക്കൂലി
മുക്കാറ്പണം.

182

കാശിക്കു പോയാലും കർമ്മം തുലയുകയില്ല.

തമിഴ് കാശിക്കു പോനാലും കർമ്മം തൊലയാതു.

കർണ്ണാടകം കാശിഗെ ഹോദരു കർമ്മ തൊലഗലില്ല.

തെലുങ്ക് കാസികി പോയിനാ കർമ്മമു തൊലഗദു.

183

കാശില്ലാത്ത നരൻ കല്ലിനു സമം.

കർണ്ണാടകം കാസു ഇല്ലദ നര കല്ലിഗെ സമ.

184

കാള പെററന്നു കേട്ട് കയറെടുത്തു.

കർണ്ണാടകം എത്തു കരു ഹാകിത്തു എന്ദരെ കൊട്ടിഗയെല്ലി കട്ടു എന്ദ ഹാഗേ.

തെലുങ്ക് ദൊന്നപോത്തു ഈനിനദണ്ടെ ദൂഡനു കട്ടിവേയുമന്നട്ടു.

185

കാററില്ലാതെ തൂശി പറക്കുമോ?

തമിഴ് കാററില്ലാമൽ ഊശി പറക്കുമാ?

കർണ്ണാടകം ഗാളി ഇല്ലദെ ദൂളു എദ്ദിതേ?

തെലുങ്ക് ഗാലി രാഗാനെ ദൂളി പോദാ?

186

കാററുള്ളപ്പോൾ തൂററണം.

തമിഴ് കാററു ഉള്ളപോതേ തൂററിക്കൊൾ.

കർണ്ണാടകം ഗാളി ബന്താഗ തൂറു.

തെലുങ്ക് ഗാളി വെച്ചിനപ്പുഡു തൂർപ്പാറ പട്ടുകോവലെ.

# കി

187

കിടക്കുന്നതു കുപ്പയിൽ; കിനാവു കാണുന്നതു മച്ചും മാളികയും.

| | |
|---|---|
| തമിഴ് | കിടക്കിറതു കുട്ടിച്ചുവർ; കനാകാൺകിറതു മച്ചു മാളികൈ. |
| കർണ്ണാടകം | തിരുക തിപ്പേമേലെ ഉപ്പരിഗെ കനസു കണ്ടെ. |
| തെലുങ്ക് | താനുണ്ടേദി ദാലിഗുണ്ട; തലചേവി മേഡാ മാളിഗലു. |

188

കിണററിലെ തവളയ്ക്കു നാട്ടുവർത്തമാനം അറിയാമോ?

| | |
|---|---|
| തമിഴ് | കിണററുത്തവളൈക്കു നാട്ടുവളപ്പം എൻ? |
| കർണ്ണാടകം | ബാവിയൊളഗിത കപ്പെ എന്തെ? |

# കീ

189

കീഴേ വീണാലും മീശയിൽ മണ്ണുപററുകയില്ല.

തമിഴ് — കീഴേ വിഴന്താലും മീശൈയിൽ മണ്ണൊട്ടവില്ലൈ.

കർണ്ണാടകം — കെളഗെ ബിദ്ദരു മീശെ മേലെ.

തെലുങ്ക് — കിന്ദ പഡിന മീസാല ദുവ്വു താഡു.

# കു

190

കുടൽ കാഞ്ഞാൽ കുതിരയും വയ്ക്കോൽതിന്നും.

തമിഴ്  കുടൽ കായ്ന്താൽ കുതിരൈയും വയ്ക്കോൽ തിന്നും.

തെലുങ്ക്  ഗുർറാനികി ആകലിവേസ്തേ എണ്ടുഗഡ്ഡി അയ്നാ തിണ്ടുന്ദി.

191

കുടത്തിൻ വായ് മൂടാം; മനുഷ്യന്റെ വായ് വയ്യ.

തമിഴ്  ഊർ വായൈയെ മൂട ഉലൈമൂടി ഉണ്ടോ?

കർണ്ണാടകം  ആണെട ബായി മുച്ച ബഹുദു; ഊരെണ്ട ബായി മുച്ച ബഹുദേ?

തെലുങ്ക്  പാത്രമുയുടകു മൂക്കുഡു ഉന്നദികാനി ഊരു മൂയിടാനികി മൂക്കുഡു ഉന്നദാ.

192

കുടത്തിൽവെച്ച വിളക്ക്.

തമിഴ് കുടത്തുൾ വൈത്ത വിളക്കു.

193

കുടുമയുണ്ടെങ്കിൽ ചായ്ച്ചും ചരിച്ചും കെട്ടാം.

തമിഴ് കേശമുള്ള പെൺ എപ്പടിയും കൊണ്ടെ കട്ടുവാൾ.

കർണ്ണാടകം കൂദലു ഉദ്ദവാഗിദ്ദരെ ഹേഗു തുരുബുഹാക്കി കൊള്ളബഹുദു.

തെലുങ്ക് കൊപ്പു ഉണ്ടെ ഏരീതിഗ നയ്നാ മുഡുചുകൊവൊച്ചുനു.

194

കുതിരക്കു കൊമ്പുകൊടുത്താൽപോലെ.

കർണ്ണാടകം കുദുരഗെ കൊമ്പു ഹുട്ടിദഹാഗെ.

195

കുത്തിയിരുന്ന് ഉണ്ടാൽ കുന്നും തേയും.

തമിഴ് കുന്തിയിരുന്തു തിൻറാല് കുൻറും തേയും.

കർണ്ണാടകം കൂതു ഉമ്പവനിഗെ കുഡിഗെഹണ സാലദു.

തെലുങ്ക് കൂർച്ചുണ്ടി തിണ്ഡൃവുണ്ടെകൊണ്ടെ കൂഡാ സമിസിപോതുന്ദീ.

196

കുമ്പിടാൻപോയ ദൈവം കുറുകേ വന്നു.

| | |
|---|---|
| തമിഴ് | കുമ്പിടപ്പോന തെയ്വം കുറുക്കേ വന്താർപോല. |
| കർണ്ണാടകം | കാശിഗെ ഹോഗുവാഗ ഗംഗെ എദ്ദുരിഗെ ബന്ദന്തെ. |
| തെലുങ്ക് | കാശികി വോവദൽ ച്ചുകുണ്ടെ ഗംഗ എദ്ദുരുഗെ വെച്ചിന്ദി. |

197

കുരങ്ങു കയറാത്ത കൊമ്പുണ്ടോ?

| | |
|---|---|
| തമിഴ് | കുരങ്കു ഏറാത കൊമ്പു ഉണ്ടാ? |
| കർണ്ണാടകം | കോതി ഏറദ്ദ കൊമ്പെ ഉണ്ടേ? |
| തെലുങ്ക് | കോതിയെക്കണി കൊമ്മ ഉണ്ഡന്നാ? |

198

കുറച്ചുചൊല്ലി നിറച്ചു കൊടുക്ക.

| | |
|---|---|
| തമിഴ് | കുറൈയച്ചൊല്ലി നിറൈയക്കൊടു. |
| കർണ്ണാടകം | ആഡദെയെ മാഡു. |

199

കുരങ്ങിൻകയ്യിൽ കൊടുത്ത തീക്കൊള്ളിപോലെ.

തമിഴ് കുരങ്കിൻ കൈയിൽ കൊടുത്ത കൊള്ളിക്കട്ടൈ പോല.

കർണ്ണാടകം കോതി കൈയ്യെല്ലി കൊള്ളികൊട്ട ഹാഗെ.

തെലുങ്ക് കോതിചേതി കൊരവിവലെ.

200

കുരങ്ങിൻകയ്യിൽ പൂമാലപോലെ.

തമിഴ് കുരംകിൻ കൈയ്യിൽ പൂമാലൈപോല.

കർണ്ണാടകം മംഗന കയ്യല്ലി ഹൂമാലെ (മാണിക്ക)

തെലുങ്ക് കോതി ചേതി പൂലുദണ്ഡ.

201

കുരയ്ക്കും നായ് കടിക്കില്ല.

തമിഴ് കുരൈക്കിറ നായ് കടിക്കാതു.

കർണ്ണാടകം ബൊഗളുവ നായ് കച്ചദു.

തെലുങ്ക് മൊറിഗെ കുക്ക കറവദു.

202

കുരുടൻ ആനയെക്കണ്ടപോലെ.

തമിഴ് യാനൈ കണ്ട കുരുടർ പോല.

കർണ്ണാടകം ആനയ കണ്ട കുരുഡര ഹാഗെ.

203

കരുടൻരാജ്യത്തിൽ കോങ്കണ്ണൻ രാജാവ്.

കർണ്ണാടകം കുരുഡര രാജ്യദല്ലി ഒക്കണ്ണനേ രാജാ.

204

കല തൊടാറായപ്പോൾ തളപ്പറ.

തമിഴ് വെണ്ണെ തിരണ്ടുവരുമ്പോതു താഴി ഉടൈന്തതുപോല.

കർണ്ണാടകം എണ്ണെ ബരുവാഗ ഗാണ മുറിയിതു.

205

കുളിച്ചാൽ കുളിരും തീർന്നു.

തമിഴ് മുററ നനൈന്തോർക്കു ഈരം ഇല്ലൈ.

കർണ്ണാടകം എല്ല മുളുഗിദവനിഗെ ചളിയേനു?

തെലുങ്ക് മൊലബണ്ടി ലോതു ദിഗിദെ ചളി ലേദു.

# കൊ

206

കൊക്കിൻെറ തലയിൽ വെണ്ണവെച്ച്
പിടിക്കുന്നതുപോലെ.

തമിഴ്	കൊക്കിൻ തലൈയിൽ വെണ്ണെയൈവൈത്തു
പിടിപ്പതുപോല.

207

കൊമ്പു പാമ്പായാലും വലിയ വടികൊണ്ടു്
അടിക്കണം.

തമിഴ്	ചിന്നപ്പാമ്പാനാലും പെരി തടിയാൽ
അടിക്കവേണം.

കർണ്ണാടകം	ചിന്ന പ്പാമ്പനെനാ പെദ്ദ കർറതോ
കൊട്ടവലനു.

208

കൊടിക്കു് കായ കനമോ?

തമിഴ് കൊടിക്കക്കായ് കനക്കമാ?

കർണ്ണാടകം ബീളിഗെ കായി ഭാരവോ?

തെലുങ്ക് തീഗെകു കായ ബരുവാ?

209

കൊതിയൻ ഏലയ്ക്കുപോയി; ഏനിക്കു നിലത്തു താ.

കർണ്ണാടകം അവസരദവനീഗെ ഏലേയല്ലി ഹാകു;
നനഗെ നിലദല്ലി ഹാകു.

210

കൊന്നാൽ പാപം തിന്നാൽ തീരും.

തമിഴ് കൊൻറ പാപം തിൻറാൽ തീരും.

കർണ്ണാടകം കൊന്ദ പാപ തിന്ദു പരിഹാര.

തെലുങ്ക് ചമ്പിന പാപമു മമ്പിതനെ ഗാനി പോദു.

211

കൊല്ലക്കുടിയിൽ സൂചി വില്ക്കുന്നതുപോലെ.

തമിഴ് കൊല്ലൻ തെരുവിൽ ഊശി വിററാൽപോല.

കർണ്ണാടകം കമ്മാരന ബീദിയല്ലി സൂചി മാരിദ ഹാഗെ.

തെലുങ്ക് കമ്മര വീഥിനി സൂദുല അമ്മിനട്ല.

# കേ

212

കേട്ടയും മൂട്ടയും വീട്ടിലാകാ.

തമിഴ്   കേട്ടൈ മൂട്ടൈ വെവ്വായ്ക്കിളമൈ.

# കൈ

213

കൈകണ്ടമാത്ര വൈകുണ്ഠയാത്ര.

തമിഴ്   കൈയ്കണ്ട മാത്തിരൈ
വൈകുണ്ടയാത്തിരൈ.

**കർണ്ണാടകം** പണ്ഡിതര മാത്രെ വൈകുണ്ഠയാത്രെ.

**തെലുങ്ക്** നാചേതി മാത്ര വൈകുണ്ഠയാത്ര.

214

കൈയ്പുണ്ണിനു് കണ്ണാടി വേണോ?

**തമിഴ്** കയ്പുണ്ണുക്കു കണ്ണാടി വേണ്ടുമാ?

**കർണ്ണാടകം** അങ്കൈ ഹുണ്ണിഗെ കണ്ണടി ബേക്കേ?

**തെലുങ്ക്** മുൻജേടി കങ്കണാനകു അദ്ദമു കാവലെനാ?

215

കൈയ്യാടിയെങ്കിലേ വായ് ആട്ടൂ.

**കർണ്ണാടകം** കയ് ആഡിദരെ ബായി ആഡീതു.

**തെലുങ്ക്** രെക്ക ആഡിതെ ഡൊക്ക ആഡുതുന്ദി.

216

കൈയ്യിൽ കിട്ടിയതു വായിൽ പെട്ടില്ല.

**തമിഴ്** കൈയ്യെട്ടിയതു വായ്ക്കു എട്ടവില്ലൈ.

**കർണ്ണാടകം** കയ്ഗെ ബന്ത തുത്തു ബായിഗെ ഇല്ല.

**തെലുങ്ക്** നോട്ടികി ചേതികി ചാല ദൂരമു.

217

കൈയിലെ കാശു വായിലെ ദോശ.

| | |
|---|---|
| തമിഴ് | കയ്യിലെ കാശു വായിലെ ദോശൈ. |
| കർണ്ണാടകം | ആ കയ്യെല്ലി കാസു ഈ കയ്യെല്ലി ദോസെ. |
| തെലുങ്ക് | ചേയ്തിലോ കാസു നോടിലോ ദോസെ. |

218

കൈയ്യിലൊരു കാശുമില്ല; കടംകൊടുക്കാനാരുമില്ല.

| | |
|---|---|
| തമിഴ് | കൈയ്യിയൊരു കാശുമില്ലെ; കടൻകൊടു പ്പാർ യാരുമില്ലെ. |

219

കൈയ്യിൽ വെണ്ണവെച്ച് നെയ്യ്ക്ക് അലയുന്നോ?

| | |
|---|---|
| തമിഴ് | കയ്യിൽ വെണ്ണെയ് ഇരുക്ക നെയ്ക്ക അലൈവാനേൻ? |
| കർണ്ണാടകം | വെണ്ണെ ഇട്ടുകൊണ്ടു തുപ്പക്കെ അലൈദരു. |
| തെലുങ്ക് | വെണ്ണ പട്ടുകനി നെയ്യ് വെദക്കനേല? |

# കോ

220

കോടാലിക്കമ്പു കുലത്തിന്നു കേട്.

തമിഴ് കുലൈത്തെക്കെടുത്ത കോടരിക്കാമ്പു.

കർണ്ണാടകം കുലക്കെ മൃത്യു കൊടലിക്കാവു.

221

കോയിലരികെ കുടി വാഴുകയില്ല.

തമിഴ് കോയില് അരികേ കുടിയിരുന്നും കെട്ടേൻ.

തെലുങ്ക് ഗുഡിമുന്ദര ഗുഡിസെലു നിലുചുനാ?

222

കോരിയ കിണററിലേ ഉറവുള്ളു.

തമിഴ് ഇറൈത്ത കിണററിൽ ഊറും.

223

കോലാട്ടമ്പോൾ കുരങ്ങാട്ടം.

തമിഴ് കോൽ ആടക്കുരങ്കാട്ടം.

തെലുങ്ക് കോല ആഡിതെ കോതി ആഡുനു.

224

കോഴി മെതിച്ചാൽ കുഞ്ഞിനു കേടോ?

തമിഴ് കോഴി മെതിത്താൽ കുഞ്ചുക്കുക്കേടാകുമാ?

# ച

225

ചക്കയ്ക്കു ചുക്കു്.

തമിഴ്      ചെക്കൈ വിഴങ്കിവിട്ടു ചുക്കത്തണ്ണീർ
           കുടിത്താർപോല.

226

ചക്കപ്പുഴത്തിൽ ഈച്ചപോലെ

തമിഴ്      പലാപ്പഴത്തിലേ ഈ മൊയ്ത്താർപോല.

കർണ്ണാടകം   ഹലസിന ഹണ്ണിഗെ നൊണ മുത്തിദഹാഗെ.

തെലുങ്കു്     പനസപണ്ഡു മീദ ഈഗലു മൂലിനട്ലു.

227

ചത്ത പശുവിനു മുക്കുടം പാലു്.

കർണ്ണാടകം   ശത്ത എമ്മെഗെ കൊട ഹാലു.

228

ചന്ദ്രനെനോക്കി നായ് കുരയ്ക്കുന്നപോലെ.

| | |
|---|---|
| തമിഴ് | ചന്തിരനൈപ്പാർത്തു നായ് കുരൈത്താർ പോല. |
| കർണ്ണാടകം | ചന്ദ്രനന്നു നോഡി നായി ബൊഗളിദഹാഗെ. |
| തെലുങ്ക് | ചന്ദ്രുനി చూచി കുക്കലു മൊറഗു നട്ലു. |

229

ചവിട്ടിയാൽ കടിക്കാത്ത പാമ്പുണ്ടോ?

| | |
|---|---|
| തമിഴ് | മെതിത്താരെക്കടിയാത പാമ്പു ഉണ്ടോ? |
| കർണ്ണാടകം | മെട്ടിദല്ലദെ ഹാവു കച്ചദു. |
| തെലുങ്ക് | ത്രൊകിതെ കരചനി പാമു ഉണ്ഡുനാ? |

# ചാ

230

ചാകാൻ തുനിഞ്ഞവന്ന സമുദ്രം മുഴങ്കാൽ.

തമിഴ് ചാകത്തുനിന്തവനുക്ക സമുദ്രം മുഴങ്കാൽ.

കർണ്ണാടകം പാപി സമുദ്രക്കെ ഹോദരു മുണകാലു നീരു.

തെലുങ്ക് ചച്ചേവാനികി സമുദ്രമു മോകാലിബണ്ടി.

231

ചാൺ ഏറുമ്പോൾ മുഴം കുറയും.

തമിഴ് ചാൺ ഏറ മുഴം ചറുക്കിറതു.

തെലുങ്ക് ജാനെഡു എക്കിതെ മൂരഡു ദിഗുനു.

232

ചാരം പൊതിഞ്ഞ തീക്കൊള്ളി.

തമിഴ് നീറു പൂത്ത നെരുപ്പുപോല.

കർണ്ണാടകം ഭൂദി മുച്ചിദ കെണ്ടദന്തെ.

തെലുങ്ക് നീറു ഗപ്പിസിന നിപ്പുവലെ.

# ചി

233

ചിരട്ടയിൽ വെള്ളം എറുമ്പിനു സമുദ്രം.

| | |
|---|---|
| തമിഴ് | ചിരട്ടൈത്തണ്ണീർ എറുമ്പുക്കു ചമുത്തിരം. |
| കർണ്ണാടകം | ഗെരെട്ടെ നീരു ഇരുവഗെ സമുദ്ര. |
| തെലുങ്ക് | ചിപ്പലൊ നീരു ചീമകു സമുദ്രമു. |

# ചു

234

ചുക്കില്ലാത്ത കഷായമില്ല.

| | |
|---|---|
| തമിഴ് | ചുക്കില്ലാത കഷായമുണ്ടോ? |
| കർണ്ണാടകം | ശുണ്ഠി ഇല്ലദെ കഷായമില്ല. |
| തെലുങ്ക് | സൊണ്ഠി ലേനി കഷായമു ലേദു. |

235

ചുമടൊഴിച്ചാൽ ചുങ്കമില്ല.

തമിഴ് ചുമൈയൈയിഴന്താർക്കു ച്ചുങ്കമില്ലൈ.

കർണ്ണാടകം ശരകു ഒപ്പിസിദമേലെ സുങ്കവേ?

236

ചുമ്മാ കരയും പെണ്ണിനേയും ചുമ്മാ ചിരിക്കും
ആണിനേയും വിശ്വസിക്കരുതു്.

കർണ്ണാടകം അളുവാ ഹെംഗസന്നൂ നഗുവ ഗണ്ഡസന്നൂ
നംബബാരദു.

237

ചുവരുണ്ടെങ്കിലേ ചിത്രമെഴുതാവൂ.

തമിഴ് ചുവർ ഇരുന്താലല്ലവോ ചിത്തിരം എഴുതലാം.

കർണ്ണാടകം ഗോഡെ ഇദ്ദരെ ചിത്ര ബരെയ ബഹുദു.

തെലുങ്കു് ഗോഡ ഉണ്ടെ ചിത്രമു വ്രായവച്ചുനു.

# ചെ

238

ചെകിടൻ കാതിൽ ശംഖ് ഊതിയപോലെ.

തമിഴ്     ചെവിടൻ കാതിലേ ശംകു ഊതിനാർപോല.

കർണ്ണാടകം     കിവുടന മുന്തെ കിന്നരി ബാരിസിദ ഹാഗെ.

തെലുങ്ക്     ചെവിടി വാനി മുന്ദറാ ശംക ഊതിനട്ലു.

239

ചെട്ടിയാരുടെ കപ്പലിന്നു ദൈവം തുണ.

തമിഴ്     ചെട്ടിയാർക്കപ്പലുക്കു ചെന്തുറാൻ തുണൈ.

240

ചെറിയ മീൻ വലിയ മീനിന്നു ഇര.

തമിഴ്     ചിന്ന മീൻ പെരിയ മീനുക്കു ഇരൈ.

കർണ്ണാടകം     ദൊഡ്ഡ മീനു സണ്ണ മീനന്നു നുംഗിദ്ദു.

തെലുങ്ക്     ചിന്ന ചേപനു പെദ്ദച്ചേപ്പ മ്രിംഗിനട്ലു.

# ചേ

241

ചേര തിന്നുന്ന നാട്ടിൽ പോയാൽ നടുത്തുണ്ടം തിന്നണം.

കർണ്ണാടകം  കേരെ തിന്നുവ രാജ്യകെ ഹോദരെ നഡുതുണ്ഡു കേള്ളു.

# ചൊ

242

ചൊടിയുള്ള കുതിരക്കു് ഒരടി; ചുണയുള്ള പുരുഷനു് ഒരു വാക്കു്.

കർണ്ണാടകം  മഞ്ചിവാനികി വകമാട; മഞ്ചി എദ്ദുംകു വഃകദബ്ബ.

# ചോ

243

ചോറിങ്ങും കൂറങ്ങും.

കർണ്ണാടകം  ഊട കൗരവരല്ലി; വക്ഷ പാണ്ഡവരല്ലി.

# ജാ

244

ജാതിക്കു ജാതി പക. (കാട്ടുജാതി)

കർണ്ണാടകം ജാതിഗെ ജാതി ഹഗെ.

തെലുങ്ക് ജാതികി ജാതി തെഗുലു നീടികി നാച്ചു തെഗുലു.

# ഞാ

245

ഞാൻ പെട്ട പാട് നായ്ക്കുമില്ല.

തമിഴ് നാൻ പട്ട പാട്ട നായും പടാതു.

കർണ്ണാടകം താക പട്ട പാട്ട നായിഗു ഇല്ല.

# ത

246

തട്ടാൻ പെങ്ങളുടേതും തട്ടും.

| | |
|---|---|
| തമിഴ് | തായ്പൊന്നിലും മാപ്പൊൻ തിരുടുവാൻ തട്ടാൻ. |
| കർണ്ണാടകം | അക്കന ച്ചിന്നവാദറു അക്കസാലെ തൊനയദെ ബിഡ. |
| തെലുങ്ക് | തല്ലി ബംഗാറു അയിനാ കംസാല വാഡു ദൊംഗിലക മാനഡു. |

247

തത്തമ്മേ പൂച്ച പൂച്ച

| | |
|---|---|
| തമിഴ് | ചൊന്നതൈച്ചൊല്ലും കിളിപ്പിള്ളൈ. |
| കർണ്ണാടകം | മാതാഡിദ്രേ മാതാഡോ രാമപ്പാ. |
| തെലുങ്ക് | ഏവാഡു ചുട്ടിലക ആവാഡു പലുകുതുന്ദി. |

248

തൻകുററം തനിക്കറിയാമോ?

| | |
|---|---|
| തമിഴ് | തൻകുററം തനക്കു ത്തെരിയാതു. |
| കർണ്ണാടകം | ദീപദ ബുഡ കത്തലെ. |

249

തൻ കയ്യേ തനിക്കുതക്കു.

| | |
|---|---|
| തമിഴ് | തൻ കൈയ്യേ തനക്കു ഉതവും. |
| കർണ്ണാടകം | തന്ന തലെയഡിഗെ തന്ന കയ്. |

250

തൻ കൈയ് തൻകണ്ണിൽ ഏററപോലെ.

| | |
|---|---|
| തമിഴ് | തൻ കൈയ്യേ കണ്ണെ കുത്തിനാർപോല. |
| കർണ്ണാടകം | നന്ന ബെരളല്ലി നന്ന കണ്ണുകുക്കികൊണ്ഡ ഹാഗെ. |
| തെലുങ്കു് | നാവേല പുച്ചുകൊണി നാകണ്ണി പൊഡിച്ചുനാവാ. |

251

തൻവെലം കണ്ടെ അമ്പലം കെട്ടാവൂ

| | |
|---|---|
| തമിഴ് | തൻബലം കൊണ്ടു അമ്പലം ഏറവേണം. |

252

തൻവാക്കു തനിക്കു വിന.

തമിഴ്   നുണലും തൻവായാൽ കെടും.

കർണ്ണാടകം   ബായിന്ദ ബന്തു ബഗന്ദള.

253

തൻ വിന തന്നെച്ചുടും.

തമിഴ്   തൻ വിനൈ തന്നൈച്ചുടും.

കർണ്ണാടകം   മനയ കിച്ചു മനയ സുഡുഗു

തെലുങ്ക്   തന പാപമു തന്നെക്കൊട്ടുനു.

254

തന്നിൽ എളിയതു തനിക്കിര.

തമിഴ്   തന്നിൽ എളിയതു തനിക്കിരൈ.

255

തന്നില്ലം വറട്ടി ധർമ്മമുണ്ടോ?

തമിഴ്   തനക്കു പോകത്താനം.

തെലുങ്ക്   തന്നുമാലിന ധർമ്മമു ഉന്നദാ?

256

തന്നിഷ്ടത്തിനും ചാണത്തലയ്ക്കും മരുന്നില്ല.

കർണ്ണാടകം   തന്നിച്ഛഗൂ സാണെതലെഗൂ മദ്ദില്ല.

257

തൻെറ മൂക്കു മുറിഞ്ഞാലും ആരാൻെറ ശകുനം മുടക്കണം.

തമിഴ് തൻമൂക്കു അറുപെട്ടാലും എതിരിക്കു ശകുനപ്പിഴൈ.

കർണ്ണാടകം തന്ന മൂഗു ഹോദരൂ ചിന്തില്ല; ഹെരരിഗെ അപശകുനാദരെ നരി.

258

തണ്ണീരും താമരയും പോലെ.

തമിഴ് തണ്ണീരും താമരൈയും പോല.

കർണ്ണാടകം തണ്ണീരു താമരയു ഇദ്ദഹാഗെ.

തെലുങ്ക് നീടി കൊട്ടി താമരവലെ.

259

തലയണ മാറിയാൽ തലക്കേടു പൊറുക്കുമോ?

തമിഴ് തലൈനോവു തലൈയണൈയൈ തിരുപ്പിപ്പോട്ടാൽ തീരുമാ?

കർണ്ണാടകം തലെഗിംബു തിരുഗിസിദരെ തലെനോവു ഹോഗുവുദേ?

തെലുങ്ക് തലഗഡ തിരഗവേസിന തല ഷൊപ്പി പോതുനാ?

260

തലയിലെഴുത്തു തല ചെരച്ചാൽ പോകുമോ?

തമിഴ് — തലൈയെഴുത്തു തലൈയെച്ചിരൈത്താൽ പോകുമാ?

കർണ്ണാടകം — തലെബരഹ എലെയിന്ദ ഒരസിദരെ ഹോഗദിതേ?

തെലുങ്ക് — തലമീദ വ്രാല തുഡിച്ചേന തപ്പുനാ?

261

തലയ്ക്കുമേലേ വന്ന വെള്ളം ചാണായാലും മുഴമായാലും ശരി.

തമിഴ് — തലക്കുമേൽ ഓടിയ വെള്ളം ചാൺപോനാലെന്ന? മുഴംപോനാലെന്ന?

262

തള്ളമനം പാല്; പിള്ളമനം കല്ല്.

തമിഴ് — പെററമനം പിത്തു; പിള്ളൈമനം കല്ലു.

തെലുങ്ക് — ലക്കവെണ്ടി തല്ലി; രായിവണ്ടി ബിഡ്ഡ.

263

തള്ളവഴി പിള്ള; താണവഴി വെള്ളം.

തമിഴ് — തായൈപ്പോൽ പിള്ളൈ; നൂലൈപ്പോൽ ചേലൈ.

കർണ്ണാടകം — തായിയന്തെ മഗളു; നൂലിനന്തെ ശാലെ.

തെലുങ്ക് — തല്ലിനി പോലിന ബിഡ്ഡ; നൂലുനു പോലിന ഗുഡ്ഡ.

# താ

264

താടി കത്തുമ്പോൾ ബീഡി കത്തിക്ക.

തമിഴ്   താടി പററി എരിയുംപോതു ചുരുട്ടു പററ വൈത്താൻ.

കർണ്ണാടകം   ഗഡ്ഡ ഹൊത്തുവാഗ ബീഡി ഹൊത്തിസിദനെ.

265

താണ നിലത്തേ നീരോട്ടു.

തമിഴ്   പള്ളമുള്ള ഇടത്തിൽ തണ്ണീർ നിർക്കം.

കർണ്ണാടകം   ഹള്ള വിദ്ദല്ലി നീരു.

തെലുങ്ക്   പല്ലമു ഉണ്ടേ നീള്ളു.

266

താനുണ്ണാത്തേവരു വരം കൊടുക്കുമോ?

കർണ്ണാടകം   താനുണ്ണദ ദേവരു പൂരരിഗെ വര കൊഡുവനേ?

267

താനേ പഴുക്കുന്നതു പഴം; തല്ലിപ്പഴുപ്പിച്ചാൽ പഴമോ?

തമിഴ് താനേ പഴുത്താല് പഴമാ? തടിയാല് അടിത്താൽ പഴമാ?

കർണ്ണാടകം ഇട്ടി ഹണ്ണുമാഡിദ ഹാഗെ.

268

താൻ പിടിച്ച മുയലിനു കൊമ്പു രണ്ടു്.

തമിഴ് താൻ പിടിത്ത മുയലിക്കു മൂന്റേ കാൽ.

കർണ്ണാടകം തന്ന കുട്ടരെഗെ മൂറേ കാലു.

തെലുങ്കു് താനു പട്ടിന കുന്ദേലുക്കു മൂഡേ കാള്ളു.

269

താമരയിലയിലെ വെള്ളംപോലെ.

തമിഴ് താമരൈയിലൈയിൽ തങ്കിയ തണ്ണീർപോല.

കർണ്ണാടകം താവരെ എലെയ മേലിന നീരിനന്തെ.

270

താനൊന്നു നിനയ്ക്കുമ്പോൾ ദൈവമൊന്നു നിനയ്ക്കും.

തമിഴ് നാം ഒൻറു നിനൈത്താൽ തൈയ്‌വം ഒൻറു നിനൈക്കും.

കർണ്ണാടകം താനൊന്ദു നെനെദരെ ദൈവമൊന്ദു നെനെയിതു.

തെലുങ്കു് താൻ ഒകടി തലിസ്തേ ദൈവമൊകടി തലചിനദി.

# തി

271

തിരുവായ്ക്കെതിർവായില്ല.

തമിഴ്   തിരുവായ്ക്ക എതിർവായില്ലൈ.

272

തിരുവാഴിത്താൻ കുതിരയെ വരച്ചപോലെ.

തമിഴ്   തിരുവായ്ത്താൻ കുതിരൈ വളർത്താർ പോല.

കർണ്ണാടകം   തെനാലി രാമ കുദുരെ സാകിദ ഹാഗെ.

# തീ

273

തീക്കട്ടെ എറുമ്പരിക്കുമോ?

തമിഴ്  നെരുപ്പിലേ ഈ മൊയ്ക്കുമാ?

കർണ്ണാടകം  ബെംഗിഗെ ഇരുവേ മുത്തുവുദേ?

274

തീയില്ലാതെ പുകയുണ്ടാകുമോ?

തമിഴ്  നെരിപ്പില്ലാമൽ പുകൈയുണ്ടാകുമാ?

കർണ്ണാടകം  കിച്ചില്ലദി ഹൊഗെയുണ്ടേ?

തെലുങ്ക്.  നിപ്പുലേനിദേ പൊകയുണ്ടതു?

# തു

275

തുനിഞ്ഞവനു ദുഃഖമില്ല.

തമിഴ്      തുണിന്തവനുക്കു തുക്കമില്ലൈ.

# തേ

276

തേടിയ വ<u>ള്ള</u>ി കാലിൽ.

തമിഴ്      തേടിയ കൊടി കാലിൽ അകപ്പെട്ടതു.

കർണ്ണാടകം      ഹുഡുക്കിദ ബ<u>ള്ള</u>ി കാലിഗെ എഡവിദന്തെ.

# തൊ

277

തൊട്ടിയിലെ ശീലം ചുടലവരെ.

തമിഴ്       തൊട്ടിൽ പഴക്കം ചുടുകാടുമട്ടും.

കർണ്ണാടകം   തൊട്ടില്യ ചാളി സുഡുകാഡുവരഗെ.

തെലുങ്ക്     പുട്ടിനബുദ്ധി പുഡകല തോഗാനീ പോദു.

278

തൊണ്ണൻ ആയാലും പൊണ്ണൻ ആയിരിക്കണം.

കർണ്ണാടകം   ഹെസ്സനാദരു ബസ്സനാഗി ഇരബേകു.

# ദാ

279

ദാനം കിട്ടിയ പശുവിൻെറ പല്ല് എണ്ണാറുണ്ടോ?

തമിഴ്       താനം കൊടുത്ത മാട്ടുക്കു പല്ലു പാർക്കലാമാ?

കർണ്ണാടകം   ദാന കൊട്ട എത്തിന ഹല്ലു നോഡിദ ഹാഗെ.

# ന

## 280

നഞ്ചുമരമായാലും വെച്ചവൻ വെട്ടുമോ?

തമിഴ്   നച്ചുമരം ആനാലും വൈത്തവൻ വെട്ടുവാനാ?

കർണ്ണാടകം   നഞ്ചുമരവാദരു നട്ടവനു കഡിയുവനേ.

തെലുങ്ക്   താനു പെഞ്ചിന വിഷവൃക്ഷാണി
അയ്നത്രെഞ്ചഃകാഡതു.

## 281

നമ്പിയവരെ നട്ടപ്പുഴയിൽ കൈവിടരുത്.

തമിഴ്   നമ്പിനപേരൈ നട്ടാററിൽ വിടലാമാ?

കർണ്ണാടകം   നമ്പിദവന നട്ടനീരിനല്ലി കയ്ബിഡുവുദേ ?

തെലുങ്ക്   നമ്പിനവാഡി വീഥിലൊ വേസിനവാരു
യെവരു?

282

നല്ലമരത്തിൽ ഇത്തിക്കണ്ണിപോലെ.

തമിഴ് നല്ലമരത്തിൽ പുല്ലുരുവിപോല.

കർണ്ണാടകം മരക്കെ ബന്തണികെ ഹിഡിദഹാഗെ.

283

നല്ല മാടിന്ന് ഒരടി; നല്ല പെണ്ണിന്ന് ഒരുവാക്ക്.

തമിഴ് നല്ല മാട്ടുക്കു ഒരടി; നല്ല പെണ്ണുക്കു ഒരുചൊൽ.

284

നല്ല മാട്ട തന്നൂരിൽ വിലപോകും.

തമിഴ് നല്ലമാട്ട ഉള്ളൂരിൽ വിലൈപോകും.

കർണ്ണാടകം എത്തു ചലോ ദാദരെ ഇട്ടഊരല്ലെ ഗിരാകി.

# നാ

285

നാക്കിനു എല്ലില്ല.

തമിഴ്    നാക്കിർക്കു നരമ്പില്ലൈ.

കർണ്ണാടകം    നാലിഗെഗെ എലുബു ഇല്ല.

തെലുങ്കു    നാലികെകു എമുക ഉന്നദാ?

286

നാടോടുമ്പോൾ നടുവേ.

തമിഴ്    ഓർ ഓട ഒക്ക ഓടു.

287

നായിന്റെ വാല് കുഴലിലിട്ടാലും നേരെയാകുമോ?

തമിഴ്    നായ്‌വാലൈ കുണക്കെട്ടക്കലാമാ?

കർണ്ണാടകം    നായബാല നളീഗയല്ലി ഹാക്കിദരെ ഡുംകു ഹോദീതേ?

288

നായുടെ വേഷം കെട്ടിയാൽ കുരയ്ക്കണം.

| | |
|---|---|
| തമിഴ് | നായ്വേഷം പോട്ടാൽ കുരൈക്കവേണ്ടും. |
| കർണ്ണാടകം | നായി വേഷ ഹാകിദരെ ബൊഗള ബേകു. |
| തെലുങ്ക് | കുക്കവേഷമു വേസ്തേ മൊറഗ കുണ്ഡ വല്ലകാദു. |

289

നായെ അടിക്കാൻ നല്ല വടി വേണോ?

| | |
|---|---|
| തമിഴ് | നായൈ അടിപ്പതുർക്കു നല്ല തടി വേണ്ടുമാ? |
| കർണ്ണാടകം | നായി ഹൊഡിയോക്കെ ബണ്ണദകോലു ബേക്കെ? |

290

നായെ കൊഞ്ചിച്ചാൽ വായ നക്കും.

| | |
|---|---|
| തമിഴ് | നായൈക്കൊഞ്ചിനാൽ വായൈ നക്കും. |
| കർണ്ണാടകം | നായ കൊണ്ടാട്ടമാഡിദരെ ബായി നക്കിദു. |

291

നായെക്കാണുമ്പോൾ കല്ലുകാണില്ല; കല്ലുകാണുമ്പോൾ നായെക്കാണില്ല.

| | |
|---|---|
| തമിഴ് | നായൈക്കണ്ടാൽ കല്ലൈക്കാണോം; കല്ലൈക്കണ്ടാൽ നായൈക്കാണോം. |
| കർണ്ണാടകം | നായകണ്ടരെ കല്ലില്ല; കല്ലു കണ്ടരെ നായില്ല. |

292

നായെ വിററ കാശ്ശു കുരയ്ക്കുമോ?

തമിഴ് നായ് വിററ കാശു കുരെക്കുമാ?

കർണ്ണാടകം നായ് മാറിദ ദുട്ടു ബഗുളത്താ ബതുത്തിയേ.

293

നായ് കുരച്ചാൽ ആകാശം ഇടിയുമോ?

തമിഴ് നായ് കുരെത്താൽ നത്തം പാഴാകുമോ?

കർണ്ണാടകം നായ് ബൊഗളിദരെ ദേവലോക ഹാളെ?

294

നായ് പുണ്ണിനു ചാമ്പൽ മരുന്നു്.

തമിഴ് നായ് പുണ്ണുക്കു ചാമ്പൽ മരുന്തു.

കർണ്ണാടകം നായ് ഹുണ്ണിഗെ ബൂദി മദ്ദു.

തെലുങ്ക് കുക്കക്കാട്ടുക ബൂഡിദ മന്തു.

295

നായ്ക്കറിയുമോ നല്ലതു്?

തമിഴ് നായ്ക്കു തെരിയുമാ തേങ്കായ് രുചി?

കർണ്ണാടകം നായിഗെ ഗൊത്തെ ഒള്ളദു.

തെലുങ്ക് കുക്കകു തെലിയുനാ തെങ്കായ്‌രുചി?

296

നായ്ക്കു നവനെയ് തങ്ങുമോ?

| | |
|---|---|
| തമിഴ് | നായ്ക്കു നവനെയ് തങ്കുമോ? |
| കർണ്ണാടകം | നായിഗെ നിംബെ ഉപ്പിന കായെ? |
| തെലുങ്ക് | കൊക്കകു നെയ്യി എക്കട അയ്നാ ഇന്ദുനാ? |

297

നായ്ക്കു പൊതിയാത്തേങ്ങ കിട്ടിയപോലെ.

| | |
|---|---|
| തമിഴ് | നായ്ക്കു മുഴത്തേങ്കായ് കിടൈത്താർപോല. |
| കർണ്ണാടകം | നായിഗെ സിപ്പെതെങ്കിനകായി സിക്കിദ ഹാഗെ. |
| തെലുങ്ക് | കോതികി കൊബ്ബരിക്കായ ദൊരകിനട്ല. |

298

നായ്ക്കൊരു വേലയുമില്ല, നിൽക്കാനൊട്ടു നേരവുമില്ല.

| | |
|---|---|
| തമിഴ് | നായ്ക്കു വേലയുമില്ലൈ, നിർക്ക നേരവുമില്ലൈ. |
| കർണ്ണാടകം | നായിഗെ കെലസവില്ല, നില്ലോക്കെ ഹൊത്തു ഇല്ല. |

299

നാലുപേർ പറഞ്ഞാൽ അമ്മയെയുക്കളെയണം.

തമിഴ് നാലുപേർ വാക്കു ദേവർവാക്കു.

കർണ്ണാടകം ഹത്തുജന ഹേളിദഹാഗെ.

തെലുങ്ക് പദ്ദുരാഡു മാട പാടിയഗുന.

300

നാല്പതു വന്നാൽ നരയും വരും.

തമിഴ് നാർപതു വന്താൽ നരൈവരും.

301

നാവനങ്ങിയാൽ നാടനങ്ങും.

തമിഴ് നാവു അശൈന്താൽ നാടു അശൈയും.

302

നാഴി ആഴിയിൽ മുക്കിയാലും നാഴി നാഴിതന്നെ.

തമിഴ് ആഴ അമുക്കിനാലും നാഴി
നാൽനാഴികൊള്ളാതു.

കർണ്ണാടകം സമുദ്രദൊള്ളു ദാദരു പാത്രെ ഇദ്ദഷ്ടേ നീരു.

303

നാളെ നാളെ നീളെ നീളെ.

തമിഴ് ഇൻറൈക്കു എൻപതും നാളൈക്കു എൻപതും
ഇല്ലൈ എൻപതർക്കു അടൈയാളം.

കർണ്ണാടകം നാളെ എമ്പവനമനെ ഹാളു.

# നി

304

നിർമ്മാണരാജ്യത്തു കോണകക്കാരൻ ഭ്രാന്തൻ.

തമിഴ്　　നിർവാണ ദേശത്തിൽ കോവണം കട്ടിനവൻ പൈത്യക്കാരൻ.

305

നിഴലിൻെറ അരുമ വെയിലിലറിയും.

തമിഴ്　　നിഴലരുമൈ വെയിലിലേ തെരിയും.

കർണ്ണാടകം　　നെരളിന സുഖ ബിസിലല്ലി അറിയുവുദ.

തെലുങ്ക്　　എണ്ഡ്രലൊ തിരിഗിനഗാനി നീഡസുഖമു തെലിയദു.

306

നിഴലിൻ മേന്മ വെയിലിലറിയും.

തമിഴ്　　നിഴലിന്നരുമൈ വെയിലിൽ തെരിയും.

കർണ്ണാടകം　　നിഴലിന സുഖ ബിസിനി നല്ലി അറിയുവുദ.

തെലുങ്ക്　　യെണ്ഡലൊ തെരിഗിന ഗാനി നീഡ സുഖമു തെലിയദു.

307

നിറകുടം തുളമ്പുകയില്ല.

തമിഴ്　　നിറൈകുടം നീർ തുളമ്പാതു.

കർണ്ണാടകം　　തുമ്പിദ കൊഡ തുളുകുവുദില്ല.

തെലുങ്ക്　　നിണ്ഡുകൊണ്ഡ തുണകദു.

# നീ

308

നീരായാലും മോരെ; പേയായാലും തായെ.

കർണ്ണാടകം    നീരാദരു മജ്ജികെ; നായാദരു തായ്.

309

നീരിലെ കുമിളപോലെ.

തമിഴ്    നീരിൽ കുമിഴിപോല.

കർണ്ണാടകം    നീരമേലണ ഗുള്ളെയ ഹാഗെ.

തെലുങ്ക്    ദേഹമു നീരു ബുഗ്ഗ.

310

നീരിലെ വരപോലെ.

തമിഴ്    നീരിൻ എഴുത്തുകൾ നികർ.

കർണ്ണാടകം    നീരല്ലി ബരെദ ഹാഗെ.

311

നീരില്ലെങ്കിൽ മീനില്ല.

തമിഴ് നീരില്ലയാനാൽ മീനില്ലൈ.

കർണ്ണാടകം നീരില്ലദെ മീനില്ല.

# നെ

312

നെല്ലും മോരും കലർത്തിയപോലെ.

കർണ്ണാടകം നെല്ലും മോരും ബെരസിദന്തെ

തെലുങ്ക് വഡ്ലുന പെരുക കലസിനട്ലു.

# നേ

313

നേരുപറഞ്ഞു കെട്ടവരും പൊളിപറഞ്ഞു വാണവരും ഇല്ല.

തമിഴ് മെയ്ശൊല്ലിക്കെട്ടാരും ഇല്ലൈ
പൊയ്ശൊല്ലി വാഴ്ന്താരും ഇല്ലൈ.

കർണ്ണാടകം സത്യഹേളി കെട്ടവനില്ല; സുള്ളഹേളി
ബാളിദവനില്ല.

തെലുങ്ക് അബദ്ധാനി കെയ്നവാഡു നിജാനികി
ചെഡിന വാഡു ലേഡു.

# പ

314

പകൽ പക്കംനോക്കിപ്പറയണം; രാത്രി
അതുമില്ലാതെ പറയരുത്.

തമിഴ്   പകലിൽ പക്കംപാർത്തു പേശു; ഇരവിൽ
അതുതാനും പേശാതേ.

315

പഞ്ചപാണ്ഡവർ കട്ടിൽകാലുപോലെ മൂന്ന്.

തമിഴ്   പഞ്ചപാണ്ഡവർ കട്ടിർകാല്പോലെ മൂൻറു.

കർണ്ണാടകം   പഞ്ചപാണ്ഡവരു മഞ്ചദ കാലിന ഹാഗെ മൂരു.

തെലുങ്ക്   പഞ്ചപാണ്ഡവുലു മഞ്ചം കോള്ളവലെ മുഗ്ഗുരു.

316

പഞ്ഞിക്കെട്ടിൽ തീപ്പൊരി.

തമിഴ്   പരുത്തിപ്പൊതിയിൽ ഒരു നെരിപ്പുപ്പൊരി.

317

പഠിച്ച ഭോഷൻ പടുഭോഷൻ.

തമിഴ് പടിത്ത മുട്ടാൾ പടുമുട്ടാൾ.

318

പണം കണ്ടാൽ പിണവും വാ തുറക്കും.

തമിഴ് പണം എൻറാൽ പിണമും വായ്തിറക്കും.

കർണ്ണാടകം ഹണ കണ്ടരെ ഹെണവൂ ബായ് ബിഡുഉദ്ദ.

319

പണം പന്തലിൽ; കുലം കുപ്പയിൽ.

തമിഴ് പണം പന്തലിലേ; കുലം കുപ്പൈയിലേ.

320

പണമില്ലാത്തവൻ പിണം.

തമിഴ് പണമില്ലാതവൻ പിണം.

കർണ്ണാടകം ഹണവില്ലാദവനു ഹെണ.

321

പണമുള്ളവനു ഗുണമില്ല; ഗുണമുള്ളവനു പണമില്ല.

കർണ്ണാടകം ഹണ ഇദ്ദവനിഗെ ഗുണവില്ല;

ഗുണവിദ്ദവനിഗെ ഹണ വില്ല.

322

പണിക്കർ വീണാൽ അഭ്യാസം.

തമിഴ് വിത്തെക്കാരൻ തവറി വിഴന്താൽ അതുവും ഒരു വിളൈയാട്ടു്.

323

പണ്ടമൊരിടം; പഴിയൊരിടം.

കർണ്ണാടകം പണ്ഡം ഓരിടത്തിലേ; പഴി ഓരിടത്തിലേ.

324

പന്തിക്കുമുമ്പേ; പടയ്ക്കു പിമ്പേ.

തമിഴ് പന്തിക്കു മുന്തി; പടൈക്കു പിന്തി.

കർണ്ണാടകം ഉടക്കെ മുഞ്ചു; കൂടക്കെ ഹിഞ്ചു.

325

പന്തീരായിരത്തിൽ പതിമൂവ്വായിരം.

തമിഴ് പത്തോടു പതിനൊൻറു.

കർണ്ണാടകം ഹത്തരക്കൂഡ ഹന്നൊന്ദു; പരസെ കൂഡ ഗോവിന്ദ.

തെലുങ്ക് പദിതൊ പദകൊണ്ഡു.

326

പന്നിപത്തു പെററാലും സിംഹം ഒന്നു പെററാൽ മതി.

തമിഴ് പൻറി പല കുട്ടി; ചിങ്കം ഒരു കുട്ടി.

കർണ്ണാടകം ഹന്ദിഗെ ഹലവു മരി; സിംഗനികെ ഒന്ദേ മരി.

തെലുങ്ക് പന്തി ന്തൂറു പില്ലലനു പെടിത്തെ സിംഹമു വക്ക പില്ലനെ പെഡുതുന്ദി.

327

പല മരം കണ്ട തച്ചൻ ഒരു മരവും വെട്ടുകയില്ല.

തമിഴ് പല മരം കണ്ട തച്ചൻ ഒരു മരമും വെട്ടാൻ.

328

പലതുള്ളി പെരുവെള്ളം.

തമിഴ് പലതുളി പെരുവെള്ളം.

കർണ്ണാടകം ഹനിക്കൂഡി ഹള്ള.

329

പലനാൾ കട്ടാൽ ഒരുനാൾ കാണും.

തമിഴ് പലനാൾ തിരുടൻ ഒരുനാൾ അകപ്പെടുവാൻ.

കർണ്ണാടകം കള്ളന ശ്രഡ്ഡു ഒന്ദു ദിന ഹൊരഗെ ബന്ദീതു.

330

പല്ലു പോയാൽ ചൊല്ലു പോയി.

തമിഴ് പല്ലു പ്പോനാൽ ചൊല്ലു പോച്ചു.

331

പശു കറുത്താലും പാലു കറുക്കുമോ?

തമിഴ് പശു കറുപ്പാനാ പാല് കറുപ്പാകുമാ?

കർണ്ണാടകം ആ കലുകപ്പാദരെ ഹാലു കപ്പേ?

തെലുങ്ക് ആവുലു നല്ലപു അയ്തേ പാലു നല്ലപാ?

332

പശുപോലെ ഇരുന്നവൻ പുലിപോലെ പാഞ്ഞു.

തമിഴ് പശുപ്പോൽ ഇരുന്തു പുലിപോൽ
പായ്കിറാൻ.

333

പഴകെപ്പഴകെ പാലും പുളിക്കും.

തമിഴ് പഴക പ്പഴക പ്പാലും പുളിക്കും.

കർണ്ണാടകം. ഹാലു ഹളെതരെ ഹുളിയക്കു.

334

പഴുത്തില വീഴുമ്പോൾ പച്ചില ചിരിക്കും.

തമിഴ് — പഴുത്ത ഇലൈ വിഴക്കണ്ടു പച്ച ഇലൈ ശിരിത്താർപോല.

കർണ്ണാടകം — ഹണ്ണെലെ ഉദിരുവാഗ കായെലെ നക്കഹാഗെ.

തെലുങ്ക് — പണ്ഡിനാകനു ചൂചി യെണ്ഡി നാകു നവ്വുന്ദി.

# പാ

335

പാടില്ലാതെ ഫലമില്ല.

തമിഴ്    പാടില്ലാമല് പയനില്ലൈ.

കർണ്ണാടകം    പ്രയാസപ്പഡദെ പ്രയാഗ ഇല്ല.

തെലുങ്ക്    പാട്ടുപഡിതെ ഭാഗ്യമു കലുഗുനു.

336

പാത്രം അറിഞ്ഞു പിച്ച ഇടണം; ഗോത്രം അറിഞ്ഞു (കുടി അറിഞ്ഞു) പെണ്ണയക്കണം.

തമിഴ്    പാത്തിരമറിന്തു പിച്ചൈയിട്ടു;
കോത്തിരമറിന്തു പെണ്ണൈക്കൊടു.

കർണ്ണാടകം    കുലനോഡി ഹെണ്ണു കൊഡു; മരനോഡി
ബള്ളി നഡു.

തെലുങ്ക്    പാത്രമെരിഗി ദാനമു; ഗോത്രമെരിഗി
പെണ്ഡ്ലി.

337

പാത്രമറിഞ്ഞു പിച്ചയിടണം.

തമിഴ് പാത്തിരം അറിന്തു പിച്ചൈയിടു.

കർണ്ണാടകം പാത്ര നോഡി ദാന.

തെലുങ്കു് പാത്രമെറിഗി ദാനമു.

338

പാപി ചെല്ലുന്നിടം പാതാളം.

കർണ്ണാടകം പാപിയിദ്ദ ബളി പാതാള.

339

പാമ്പിന്നു പാൽ കൊടുത്ത പോലെ.

തമിഴ് പാമ്പുക്കു പാല് വാർത്താർപോല.

കർണ്ണാടകം ഹാവിഗെ ഹാലെര ദന്തെ.

തെലുങ്കു് പാമുക്കു പാലു പോസിനട്ലു.

340

പാമ്പിന്നു പാൽ വിഷം.

തമിഴ് പാമ്പുക്കു പാൽ വാർത്താലും വിഷത്തൈയേ കക്കും.

കർണ്ണാടകം ഹാവിഗെ ഹാലു എരെദരെ വിഷവന്നേ കാരുവുദു.

തെലുങ്ക്  പാമുനകു പാലു പോസ്തേ വിഷമു ഇസ്തുന്തി.

341

പാമ്പും ചാവില്ല; കോലും ഒടിയില്ല.

തമിഴ്  പാമ്പും ശാകാമല് കോലും മുറിയാമല്.

കർണ്ണാടകം  ഹാവു സായ ബാരദ്ദ കോലുമുറിയബാരദ്ദ.

തെലുങ്ക്  പാമുന ചാവനെവ്വഡു; ബഡിതെ
വിററനിവ്വഡു.

342

പാലം കടക്കുവോളം നാരായണ; പിന്നെ കൂരായണ.

തമിഴ്  ആറു കടക്കറ വരൈയിൽ അണ്ണൻതമ്പി;
അപ്പുറം നീയാർ നാൻ യാർ?

കർണ്ണാടകം  പാല ദാട്ടുവ വരെഗെ നാരായണ; മത്തെ
പാരായണ.

343

പാററയെത്തിന്ന പൂച്ചപോലെ.

കർണ്ണാടകം  ജരളെ തിന്ദ ബെക്കിന ഹാഗെ.

## പി

344

പിച്ചയിട്ടു കെട്ടവനും പിള്ളപെററു കെട്ടവളും ഇല്ല.

തമിഴ്	പിച്ചൈയിട്ടു കെട്ടവനും ഇല്ലൈ;
	പിള്ളൈ പെററു ക്കെട്ടവളും ഇല്ലൈ.

കർണ്ണാടകം	കൊട്ടു കെട്ടവനില്ല.

## പു

345

പുണ്ണിൽ അമ്പ് ഏററപോലെ.

തമിഴ്	വെന്ത പുണ്ണിൽ വേല് നുഴൈന്താർപോല.

കർണ്ണാടകം	ഉരിയുവ ഹുണ്ണിഗെ ഉപ്പു ഹാക്കിദ ഹാഗെ.

തെലുങ്ക്	ഉരിവിന പുണ്ഡുമീദ ഉപ്പുവലെ.

346

പുതിയ വൈദ്യനേക്കാൾ പഴയ രോഗിനന്ന്.

കർണ്ണാടകം ഹൊസ വൈദ്യനിഗിന്ത ഹളെ രോഗി മേലു.

തെലുങ്ക് കൊത്ത വൈദ്യുഡികന്ന പാതരോഗ മേലു.

347

പുലിക്കു പിറന്നതു പൂച്ചക്കുട്ടിയാകുമോ?

തമിഴ് പുലിക്കുപ്പിറന്തതു പൂനൈക്കുട്ടിയാകുമാ?

കർണ്ണാടകം ഹുലി ഹൊട്ടെയല്ലി ഇലി ഹുട്ടീതേ?

തെലുങ്ക് പുലി കടുപുന മേകപില്ല പുട്ടുനാ?

# പൂ

348

പൂച്ചയ്ക്കു വിളയാട്ടം; എലിക്കു പ്രാണസങ്കടം.

തമിഴ് പൂനൈക്കു കൊണ്ടാട്ടം; എലിക്കു തിണ്ടാട്ടം.

കർണ്ണാടകം ബെക്കിഗെ ആട ഇലിഗെ പ്രാണസങ്കട.

തെലുങ്ക് പില്ലികി ചലഗാട്ടമു; എലികകു പ്രാണസങ്കടമു.

349

പൂവു ചേർത്ത നാരിനും മണമുണ്ടാകും.

തമിഴ് പൂവോടു ചേർന്ത നാരും മണം പെറും.

കർണ്ണാടകം ഹൂവിന ഒട്ടിന നാരിനന്തെ.

തെലുങ്ക് പൂവുലതോ നാര തലകെക്കിനട്ലു.

# പെ

350

പെണ്ണു കെട്ടിയാൽ കണ്ണു കെട്ടി; കൊച്ചുണ്ടായാൽ വായും കെട്ടി.

തമിഴ് പെണ്ടാട്ടി കാലക്കട്ടു; പിള്ളൈ വായ്ക്കട്ടു.

351

പെൺചൊല്ലു കേൾക്കുന്നവൻ പെരുവഴി.

തമിഴ് പെൺചാതി പേച്ചൈക്കേട്ടവൻ
പേയ്പോല അലൈവാൻ.

352

പെൺബുദ്ധി പിൻബുദ്ധി.

തമിഴ് പെൺപുത്തി പിൻപുത്തി.

തെലുങ്ക് ആഡുദാനി ബുദ്ധി അപരബുദ്ധി.

353

പെററതെല്ലാം മക്കളോ; പൂത്തതെല്ലാം മാങ്ങയോ?

തമിഴ് പെററതെല്ലാം പിള്ളൈയാകുമാ?
പൂത്തതെല്ലാം കായാകുമാ?

# പൊ

354

പൊൻകുടത്തിനു പൊട്ടുവേണോ?

തമിഴ്     പൊൻകുടത്തുക്കു പൊട്ടിട വേണ്ടുമാ?

355

പൊൻകുടമുടഞ്ഞാൽ പൊന്നാകും; മൺകുടമുടഞ്ഞാൽ എന്താകും?

തമിഴ്     പൊൻകുടമുടൈന്താൽ പൊന്നാകും;
മൺകുടമുടൈന്താൽ എന്ന ആകും?

356

പൊന്നിൻതുരി ആയാലും കണ്ണിൽക്കൊള്ളും.

കർണ്ണാടകം     ചിന്നദ സൂചി അന്ത കണ്ണു ചുച്ചി കൊള്ള ബഹുദെ.

357

പൊന്നുരുക്കുന്നിടത്തു പൂച്ചയ്ക്കെന്തു കാര്യം?

തമിഴ് ഇരുമ്പു അടിക്കിറ ഇടത്തിൽ ഈക്കു എന്ന വേലൈ?

കർണ്ണാടകം ഇരുവെഗെ കബ്ബിന്നദ കെലസവേകെ.

തെലുങ്ക് ഇനുമു കരിഗെ ചോട ഈ ഗലകേ ഏമുന്നദി?

358

പൊന്നു വെക്കേണ്ടിടത്തു പൂവെങ്കിലും വയ്ക്കണം.

തമിഴ് പൊൻ വൈക്കുമിടത്തിൽ പൂവാവതു വൈക്കവേണ്ടും.

കർണ്ണാടകം ഹൂ കൊഡുവല്ലി ഹൂവിന എസളു.

359

പൊയ്പറഞ്ഞു വാണവനുമില്ല, മെയ്പറഞ്ഞു നശിച്ചവനുമില്ല.

തമിഴ് പൊയ്ശൊല്ലി വാഴ്ന്തവനുമില്ലൈ, മെയ്ശൊല്ലി കെട്ടവനുമില്ലൈ.

കർണ്ണാടകം സുള്ളു ഹേളി ബാളിദവനില്ല, സത്യഹേളി കെട്ടവനില്ല.

# പോ

360

പോയ കാള കൊമ്പൻകാള.

തമിഴ്    പോനമുതൽ പെരിയമുതൽ.

361

പോയാൽ ഒരു തേങ്ങാ; കിട്ടിയാൽ ഒരു തെങ്ങ്.

തമിഴ്    കല് വിഴുന്താലും വിഴും; കായ് വിഴുന്താലും വിഴും.

കർണ്ണാടകം    ഹോദരെ ഒന്ദു കല്ലു; ബന്ദരെ ഒന്ദു ഹണ്ണു.

# ഭ

362

ഭരണി പിറന്നവൻ ധരണിയാളും.

തമിഴ്    പരണിയിലേ പിറന്തവൻ തരണി ആൾവാൻ.

കർണ്ണാടകം    ഭരണിയല്ലി ഹുട്ടിദവനു ധരണി ആളുവനു.

363

മകൻ ചത്താലും ശരി, മരുമകളുടെ ദുഃഖം കാണാമല്ലോ.

| | |
|---|---|
| തമിഴ് | മകൻ ശത്താലും ശാകട്ടും; മരുമകൾ കൊട്ടമടങ്കിനാൽ പോതും. |
| കർണ്ണാടകം | മഗ സത്തരു ചിന്തയില്ല; സൊസെ മുണ്ഡെയാദരെ സാകു. |
| തെലുങ്കു് | കൊഡുകു ബാഗുണ്ഡവലെ കോഡലു മുണ്ഡ മൊയ്യവലെ. |

364

മലടി അറിയുമോ ഈററുനോവു്.

| | |
|---|---|
| തമിഴ് | മലടിക്കു തെരിയുമാ മകപ്പേറു വരുത്തം. |
| കർണ്ണാടകം | ബഞ്ജെ ബല്ലളെ ഹെറിഗെയ നോവന്നു. |
| തെലുങ്കു് | ഗൊഡ്ഡു റാലികി തെലിയുനാ ബിഡ്ഡബാധ. |

365

മഞ്ഞപ്പിത്തമുള്ളവനു് എല്ലാം മഞ്ഞ.

| | |
|---|---|
| തമിഴ് | കാമാലൈക്കണ്ണനുക്കു കണ്ടതെല്ലാം മഞ്ചൾ. |
| കർണ്ണാടകം | അരസിന മുണ്ഡദവനിഗെ കണ്ഡദെല്ലാ ഹളദി. |

366

മടിയിൽ കനമുണ്ടെങ്കിലേ വഴിയിൽ ഭയംവേണ്ടൂ.

തമിഴ്   മിടിയിലേ കനമിരുന്താൽ വഴിയിലേ പയം.

367

മടിയിൻ കനമുണ്ടായാലേ വഴിയിൽ പേടി വേണ്ടൂ.

തമിഴ്   മടിയിലേ കനമിരുന്താൽ വഴിയിലേ പയം.

368

മണലുകൊണ്ടു കയറു പിരിക്കുന്നപോലെ.

തമിഴ്   വാനത്തെ വില്ലാക വളെപ്പാൻ,
മണലെ കയിറാകത്തിരിപ്പാൻ.

കർണ്ണാടകം   മണലിനിന്ദ ഹഗ്ഗ ഹൊസെദന്തെ.

തെലുങ്ക്   ആകാശമുന ഗണ്ഡ പെട്ടുഡമു ഇസുക ത്രാടു
പേനഡമു.

369

മണൽവാരിയെറിഞ്ഞാൽ താഴെ വീഴില്ല.

തെലുങ്ക്   ഇസുകാ വേസ്തേ രാലനി ജനമു.

370

മനുഷ്യൻ കടിച്ചാൽ മരുന്നില്ല.

തെലുങ്ക്   മനുസികാട്ടുകി മന്ദുലേദു.

371

മനോവ്യാധിക്കു മരുന്നില്ല.

തമിഴ് മനവിയാതിക്കു മരുന്തില്ലെ.

കർണ്ണാടകം മനോരോഗകെ മദ്ദില്ല.

തെലുങ്കു് മനോവ്യാധികി മന്ദു ലേദു.

372

മന്ത്രംകൊണ്ടു മാങ്ങാ വീഴുമോ?

തമിഴ് മന്തിരത്താൽ മാങ്കായ് വിഴുമാ?

തെലുങ്കു് മന്ത്രാനികി മാമിഡി കായലു രാലുനാ?

373

മരുന്നും വിരുന്നും മൂന്നുനാൾ.

തമിഴ് മരുന്തും വിരുന്തും മൂന്നുനാൾ.

തെലുങ്കു് മന്ദു അയിന വിന്ദു അയിന മൂന്നാള്ള.

374

മയിലാട്ടംപോലെ ചെമ്പോത്താട്ടമോ?

തമിഴ് മയിലൈപ്പാർത്തു വാൻകോഴി ആടിനാർ പോല.

375

മലപോലെ വന്നതു മഞ്ഞുപോലെ പോയി.

തമിഴ് മലൈപോല് വന്തതു പനിപോൽ നീങ്കിററു.

| | |
|---|---|
| കർണ്ണാടകം | മലെയന്തെ ബന്ദു മഞ്ചിനന്തെ ഹോയ്ത്തു. |
| തെലുങ്കു് | കൊണ്ഡവലെ വച്ചി മഞ്ചുവലെ പോയിനദി. |

376

മലടി പെററ മകനെപ്പോലെ.

| | |
|---|---|
| തമിഴ് | മലടിപെററ മകൻപോല. |
| കർണ്ണാടകം | ബഞ്ജെ ഹെത്ത മഗന ഹാഗെ. |
| തെലുങ്കു് | ഗൊഡ്രാലുക ബിഡ്ഡ കലിഗിനട്ലു. |

377

മലർന്നുകിടന്നു തുപ്പിയാൽ മുഖത്തു്.

| | |
|---|---|
| തമിഴ് | മല്ലാന്തു ഉമിഴ്ന്താൽ മാർവിലേ വിഴം. |
| കർണ്ണാടകം | മേലേ നോഡി തുപ്പിദരെ യാരെ മുഖകെ എഞ്ജലു ബിട്ടിദ. |
| കർണ്ണാടകം | പൈന ചൂച്ചി ഉമിതേ മൊഗമു മീദ പട്ടുന്ദി. |

378

മലവിഴുങ്ങും രാക്ഷസനു് വാതില്പലക പപ്പടം.

| | |
|---|---|
| തമിഴ് | മലൈവിഴങ്കി മകാതേവനക്ക കതവു ഒരു അപ്പളം |
| കർണ്ണാടകം | മനെ നുംഗുവവനിഗെ ബാഗിലു കിഡികി ഹപ്പള. |
| തെലുങ്കു് | തലുപുലു മ്രിംഗെ വാനികി അപ്പഡാലു ലൊട്ടലൊട്ട. |

379

മഴ നിന്നാലും മരം പെയ്യും.

തമിഴ് മഴൈ വിട്ടാലും തൂവാനം വിടവില്ലൈ.

കർണ്ണാടകം മഴെ ബിട്ടരൂ മരദ ഹനിബിഡദു.

# മാ

380

മാക്രി കരഞ്ഞു മഴ വരുത്തിയപോലെ.

കർണ്ണാടകം കപ്പെ കൂഗി മളെ ബരിസിദ ഹാഗെ.

381

മാങ്ങയ്ക്കു തേങ്ങ മരുന്ന്.

തമിഴ് മാങ്കായ്ക്കു തേങ്കായ് മരുന്തു.

382

മാവുതിന്നാൽ പണിയാരമില്ല; പെണ്ടാട്ടിയെ
തിന്നാൽ മക്കളില്ല.

തമിഴ് മാവൈത്തിൻറാൽ പണിയാരം ഇല്ലൈ;
പെണ്ടാട്ടിയെത്തിൻറാൽ പിള്ളൈ ഇല്ലൈ.

# മി

383

മിന്നലിനുപിന്നെ മഴ.

തമിഴ് മിന്നുക്കെല്ലാം പിന്നുക്ക മഴൈ.

തെലുങ്ക് മെരുപു മെറിസ്തേ വാനവൊസ്തുന്ദി.

384

മിന്നുന്നതെല്ലാം പൊന്നല്ല.

തമിഴ് മിന്നുവതെല്ലാം പൊന്നല്ല.

കർണ്ണാടകം ഹൊളെയുവുദെല്ലാ ബംഗാരവല്ല.

തെലുങ്ക് മെരിസേദി അന്ത ബംഗാരമു കാദു.

## മി

385

മീൻകുഞ്ഞിനെ നീന്തൽ പഠിപ്പിക്കണമോ?

തമിഴ് മീൻകുഞ്ചുക്കു നീച്ചു പ്പഴക്കവേണമാ?

കർണ്ണാടകം മീനമരിഗെ ഈജു കലിസബേകെ?

തെലുങ്ക് ചേപ പില്ലകു ഈത നേർപവലെനാ?

## മു

386

മുട്ടാളൻകോപം മൂക്കത്ത്.

തമിഴ് മുട്ടാളുക്കു ക്കോപം മൂക്കിലേ.

കർണ്ണാടകം മൂർഖനിഗെ കോപ മൂഗിന തുദിയല്ലി.

തെലുങ്ക് മൂർഖുനകു കോപമു മൂക്കുനനേ ഉണ്ഡുനു.

387

മുമ്പേ വന്നതു കൊമ്പോ ചെവിയോ?

തമിഴ് — മുന്നേ മുളൈത്ത ചെവിയിലും പിന്നേ മുളൈത്ത കൊമ്പു പലം.

കർണ്ണാടകം — മൊദലു ബന്ദ കിവിഗിന്ത മത്തെ ബന്ത കൊമ്പു ബല.

തെലുങ്ക് — മുന്ദു വെച്ചിന ചെവ്വുലക്കണ്ണ വെനക വെച്ചിന കൊമ്മുലു വാഡി.

388

മുന്തിരിങ്ങാ പുളിക്കും.

തമിഴ് — എട്ടാപ്പഴം പുളിക്കും.

കർണ്ണാടകം — നരിഗെ ദ്രാക്ഷ ഹണ്ണു ഹുളി.

തെലുങ്ക് — നക്കകു ദ്രാക്ഷ പണ്ഡു ചേദു.

389

മുഴവൻ നനഞ്ഞവനു തണുപ്പില്ല.

തമിഴ് — മുററ നനൈന്തവർക്കു ഈറമില്ലൈ.

കർണ്ണാടകം — എല്ല മുളുഗിദവനിഗെ ചളിയില്ല.

390

മുളയിലേ അറിയാം വിള.

തമിഴ് — വിളൈയും പയിർ മുളൈയിലേ തെരിയും.

കർണ്ണാടകം — ബെളയസിറി മളയല്ലി തിളിയുവുദു.

തെലുങ്ക് — ചേനുസംഗതി മൊക്കെ തെലുപ്പുതുന്ദി.

391

മുള്ളെടുക്കാൻ മുള്ളു വേണം.

തമിഴ് — മുള്ളാലെ മുള്ളെ എടുക്കവേണ്ടും.

കർണ്ണാടകം മുള്ളന്നു മുള്ളിനിന്ദലേ തെഗെയ ബേകു.

തെലുങ്കു് മുല്ലു തീയഡാനകി മുല്ലേ കാവലനു.

392

മുള്ളുമരത്തെ മുളയിലേ കിള്ളണം.

തമിഴ് മുൾമരത്തെ മുളൈയിലേ കിള്ളവേണ്ടും.

കർണ്ണാടകം മുള്ളു ഗിഡവന്നു മൊളകെയെല്ലിയേ കിള ബേകു.

തെലുങ്കു് മുള്ളചെട്ടുനു മുന്ദരെ ഗില്ലിവേയവലനു.

# മൂ

393

മൂർത്തി ചെറുതെങ്കിലും കീർത്തി പെരുതു്.

തമിഴ് മൂർത്തി ചിറിതു; കീർത്തി പെരിതു.

കർണ്ണാടകം മൂർത്ത സന്നദാദരൂ കീർത്തി ദൊഡ്ഡദു.

തെലുങ്കു് മൂർത്തി കൊഞ്ചമു; കീർത്തി വിസ്താരമു.

# മെ

394

മെല്ലെന്നെ ഒഴുകും വെള്ളം കല്ലിനെ കഴിയെ ചെല്ലും.

തമിഴ് മെല്ലെന പായും തണ്ണീർ കല്ലെയും കുഴിയപ്പായും.

# മൗ

395

മൗനംകൊണ്ടു മദവാനെയും ജയിക്കാം.

തമിഴ്   മൗനം മലൈയൈ ച്ചാതിക്കും.

തെലുങ്ക്   ഊരകുന്ന വാനികി ഊരെല്ല ഓപദു.

# ര

396

രണ്ടു കെട്ടിയവനു തിണ്ടാട്ടം.

തമിഴ്   ഇരണ്ടു പൊണ്ടാട്ടിക്കാരൻ പാടു തിണ്ടാട്ടം.

397

രണ്ടു കൈകൂട്ടിത്തല്ലിയെങ്കിലേ ഒച്ചകേൾക്കൂ.

തമിഴ്   ഇരണ്ടു കൈയ്യും തട്ടിനാൽതാൻ ഓശൈ.

കർണ്ണാടകം   എരഡു കയ് തട്ടിദരെ ശബ്ദ.

തെലുങ്ക്   രണ്ടു ചേത്ലു തട്ടിതേ ചപ്പുഡു.

398

രണ്ടു തോണിയിൽ കാൽവയ്ക്കുംപോലെ.

തമിഴ്   ഇരട്ടൈ ത്തോണിയിൽ കാല് വൈത്താർ പോല.

കർണ്ണാടകം   എരഡു തോണിയല്ലി കാലിട്ടഹാഗെ.

# രാ

399

രാജാവന്നറക്കും ദൈവം നിന്നറക്കും.

തമിഴ്   അരശൻ അൻറുകേൾപ്പാൻ; തെയ്വം നിൻറുകേട്ക്കും.

400

രാമായണം മുഴുവൻ കേട്ടിട്ടും സീതയ്ക്കു രാമൻ ആരെന്നു്?

തമിഴ്   വിടിയ വിടിയ ഇരാമായണം കേട്ടും ശീതൈക്കു ഇരാമർ യാർ എൻറു കേട്കിറാൻ.

കർണ്ണാടകം   ഹന്നെരഡു വർഷ രാമായണ കേളി സീതഗെ രാമ ഏനാഗബേകു അന്തഹാഗെ.

തെലുങ്കു്   രാമായണമന്താ വിനി രാമുഡികി സീതാ ഏമഗുന അന്നാഡു.

# വ

401

വട്ടം ചുററിയും വഴിക്കു വരണം.

തമിഴ്   വട്ടം ചുററിയും വഴിക്കു വരവേണ്ടും.

402

വന്ന വെള്ളം ഇരുന്ന വെള്ളവും കൊണ്ടുപോയി.

തമിഴ്  വന്ത വെള്ളം ഇരുന്ത തണ്ണീരൈ
കൊണ്ടുപോയിററു.

കർണ്ണാടകം  ബന്ത നീരു ഇദ്ദ നീരന്നു കൊണ്ടുഹോയിതു.

തെലുങ്ക്  ക്രൊത്തനീരു വച്ചി പാത നീട്ടിനി
പാരദ്രോലിനട്ലു.

403

വയററിലെ കുടലെടുത്തു കാട്ടിയാലും വാഴനാരെന്നു
പറയും.

തമിഴ്  വയററുക്കുടലൈക്കാട്ടിനാലും
വാഴൈനാരെങ്കിറാൻ.

404

വരവര മാമിയാർ കഴുതപോലെ.

തമിഴ്  വരവര മാമിയാർ കഴുതൈപോല് ആനാൾ.

കർണ്ണാടകം  ബരുത്താ ബരുത്താ രായര കുദുരെ
കത്തെയായിതു.

405

വരാനുള്ളതു വഴിയിൽ തങ്ങില്ല.

തമിഴ്  വരും വിനൈ വഴിയിൽ തങ്കാതു.

തെലുങ്ക്  കാരലകാര്യമു കാകപ്പൊതു വച്ചുവാരു
രാകപ്പോരു.

406

വരും വിധി എങ്ങിരുന്നാലും വരും.

തമിഴ്   വരും വിതി എങ്കിരുന്താലും വരും.

കർണ്ണാടകം   എല്ലി ഹോദരു വിധി ബെന്ന ബിഡദു.

407

വലിയ ആനയ്ക്കു മണി കെട്ടണമോ?

കർണ്ണാടകം   ആനഗെ ഗെണ്ഡ കട്ട ബേകൊ?

408

വല്ലവനു പുല്ലുമായുധം.

തമിഴ്   വല്ലവനുക്കു പ്പുല്ലും ആയുതം.

409

വറുത്ത പയറു മുളയ്ക്കുമോ?

തമിഴ്   വറുത്ത പയറു മുളൈയ്ക്കുമാ?

കർണ്ണാടകം   ബെന്ദ ബെത്ത മുളയുദേ?

# വാ

410

വായിൽ മണ്ണുടിക്കുക.

തമിഴ്   വായിൽ മണ്ണടിക്കലൊമാ?

കർണ്ണാടകം   ബായെല്ലി മണ്ണു ഹാക്കിദാ.

തെലുങ്ക്   നോട്ലൊ മണ്ണു കൊട്ടുടാ.

411

വായ് കീറിയിട്ടുണ്ടെങ്കിൽ ഈര കല്പിച്ചിട്ടുമുണ്ടു്.

തമിഴ് വായുള്ള പിള്ളെ പിഴൈക്കും.

കർണ്ണാടകം ബായി ഇദ്ദരെ മഗ ബദുകുവ്വാനു.

തെലുങ്കു് നോരു കലിഗിതെ ബ്രതുകകുതാഡു.

412

വായ് ചക്കര; കൈയ് കൊക്കര

തമിഴ് വായ് ചക്കരൈ; കൈയ് കരുണൈക്കിഴങ്കു.

413

വാലുപോയ കുറുക്കനെപ്പോലെ.

തമിഴ് വാല് അറന്ത നരിപോല.

കർണ്ണാടകം ബാല ഹോദ നരിയ ഹാഗെ.

തെലുങ്കു് തോകലേനി നക്കവലെ.

# വി

414

വിത്തു വിതച്ചാൽ മുത്തുവിളയുമോ?

തമിഴ് വിരൈ ഒൻറു പോടച്ചുരൈ ഒൻറു മുളൈക്കുമാ?

തെലുങ്കു് വിത്തനമു വകടി വേസ്തേ മൊക്ക വേരൊ
കടി മൊല ചുനാ?

415

വിധിയുടെ വഴിയേ മതിയും ചെല്ലും.

തമിഴ് ‌ ‌ വിതിയിൻ വഴിയേ മതി ചെല്ലും.

കർണ്ണാടകം ‌ വിധിഗനുസാര മതി.

തെലുങ്ക് ‌ ‌ വിധിനനുസരിഞ്ചെ മതി.

416

വിരൽ വയ്ക്കാനിടംകൊടുത്താൽ ഉരൽ വയ്ക്കും.

തമിഴ് ‌ ‌ വിരൽ നുഴൈയ ഇടംകൊടുത്താൽ ഉരലൈ നുഴക്കിറാൻ.

417

വിരലു വീങ്ങിയാൽ ഉരലാകുമോ?

തമിഴ് ‌ ‌ വിരലു മത്തക്ക വീക്കം.

കർണ്ണാടകം ‌ ബിരലു ബീഗിദരെ ഒനകെയാദീതെ.

418

വിശന്നാൽ പുലി പുല്ലുതിന്നുമോ?

തമിഴ് ‌ ‌ പുലി പശിത്താലും പുല്ലൈത്തിന്നുമാ?

കർണ്ണാടകം ‌ ഹുലി ഹസിദരു ഹുല്ലു മേദീതേ.

തെലുങ്ക് ‌ ‌ പുലി ആകലിഅയിതേ ഗഡ്ഡി തിട്ടുണ്ടാ?

419

വിശപ്പിനു കറി വേണ്ടാ; ഉറക്കിനു പായ് വേണ്ടാ.

തമിഴ് ‌ ‌ പശിക്കു കറി വേണ്ടാം; തൂക്കത്തിർക്കു പായ് വേണ്ടാം.

കർണ്ണാടകം ഹസിവിഗെ സാഗര ഭബ്ബെകെ; നിദ്ദെഗെ ഹാസിഗെ ബേകെ.

തെലുങ്ക് ആകലി രുചി എരുഗദു; നിദ്ര സുഖമെരുഗദു.

420

വിളഞ്ഞ കതിർ വളയും.

തമിഴ് വിളൈന്ത കതിർ വണങ്കും.

# വീ

421

വീട് വേവുമ്പോൾ വാഴ വെട്ടുന്നപോലെ

കർണ്ണാടകം മനെഗെ ബെങ്കി ഹത്തിദാഗ, ബാവി തോഡലികെ ഹൊരട ഹാഗെ.

തെലുങ്ക് ഇല്ലു കാലുതുണ്ടെ നുയ്യിത്രവ്വഡം മൊദലു വെട്ടിനട്ല്ല.

422

വീട്ടിൽ വന്ന മഹാലക്ഷ്മിയെ മടങ്കാൽകൊണ്ടു മടക്കരുത്.

തമിഴ് വലിയവന്ത ശീതേവിയൈ കാലാല് ഉതൈത്തുത്തള്ളലാമാ?

കർണ്ണാടകം ശിരിദാ മോകാലു ഒജ്ജിനവാറുണ്ടുരാ?

തെലുങ്ക് മനഗെ ബന്ത മഹാലക്ഷ്മിയെന്നു കാലല്ലി ഒദ്ദന്തെ.

# വെ

423

വെട്ടൊന്നു (മുറി) തുണ്ടു രണ്ടു്.

| | |
|---|---|
| തമിഴ് | വെട്ടു ഒൻറു; തുണ്ടു ഇരണ്ടു. |
| കർണ്ണാടകം | പെട്ടു ഒന്ദു; തുണ്ടു ഇരഡു. |
| തെലുങ്കു് | ഒക്ക ദെബ്ബ; രണ്ടു മുക്കലു. |

424

വെള്ളംകണ്ട പോത്തുപോലെ.

| | |
|---|---|
| കർണ്ണാടകം | നീരകണ്ട എമ്മയ ഹാഗെ. |

425

വെള്ളത്തിൽ കിടക്കുന്ന തവള വെള്ളം കുടിക്കാതെ ഇരിക്കുമോ?

| | |
|---|---|
| തമിഴ് | തണ്ണീരിൽ ഇരുക്കിറ തവളൈ നീർ കുടിത്തതൈ കണ്ടതു യാർ; കുടിയാതതൈ കണ്ടതു യാർ? |
| കർണ്ണാടകം | നീരൊളഗണ കപ്പെ നീരു കുഡിയദെ ബിട്ടീതെ |
| തെലുങ്കു് | നീള്ളലോനി കപ്പ നീള്ളു ത്രാഗദാ? |

426

വെള്ളരിത്തോട്ടത്തിൽ കുറുനരിയെ കാവലാക്കിയ പോലെ.

| | |
|---|---|
| തമിഴ് | നണ്ടൈ ച്ചുട്ടു നരിയൈ ക്കാവല് വൈത്താർപോല. |

കർണ്ണാടകം സ്വന്തെ ഹിത്തിലിഗെ നരിയ കാവലു മാഡിദ ഹാഗെ.

# വേ

427

വേകുവോളം ഇരിക്കാമെങ്കിൽ ആറുവോളം ഇരിക്കരുതോ?

തമിഴ് ആക്കപ്പൊറുത്തവൻ ആറപ്പൊറാനാ?

കർണ്ണാടകം ബെന്ദെഷ്ടു ഹൊത്തു തണ്ണിയബേകെ.

428

വേലിതന്നെ വിളവു തിന്നുക.

തമിഴ് വേലിയേ പയിരൈത്തിൻറാൽ വിളൈവതു എപ്പടി?

കർണ്ണാടകം വേലിയേ ഹൊളവ മേയ്ദന്തെ.

തെലുങ്ക് കഞ്ചെ ചേന മേസ്തേ പയിറു എക്കട?

# വൈ

429

വൈദ്യനു കൊടുക്കുന്നതു വാണിയനു കൊടുക്കുക.

തമിഴ് വൈത്തിയനുക്കു കൊടുപ്പതൈ വാണിയനുക്കു കൊടു.

430

വൈദ്യരു ചൊന്നതു രോഗം; ഭാഗവതരു പാടിയതു രാഗം.

കർണ്ണാടകം വൈദ്യഹേളിദ്ദേ രോഗ; ഭാഗവത ഹാഡിദ്ദേ രാഗ.

തെലുങ്കു് വൈദ്യഡു ചെപ്പിനദി രോഗമു; ഭാഗവതഡു പാട്ടിനദി രാഗ.

# വ്യാ

431

വ്യാധിക്കു മരുന്നുണ്ടു്; വിധിക്കു മരുന്നുണ്ടോ?

തമിഴ് വ്യാധിക്കു മരുന്തുണ്ടു: വിതിക്കു മരുന്തുണ്ടോ?

തെലുങ്കു് രോഗാനികെ മന്ദുന്നതികാനി;
വിധികി മന്ദുന്നദാ?

# ശ

432

ശർക്കരപ്പന്തലിൽ തേൻമാരി പൊഴിയുംപോലെ.

തമിഴ് ശക്കരൈപ്പന്തലിൽ തേൻമാരി പൊഴിന്തതു പോല.

കർണ്ണാടകം ചക്കരെപ്പതിട്ലൊ തേനവാന കുരിശിനട്ലു.

# ശ്രീ

433

ശ്രീദേവിയോടെ മൂധേവിയും പിറന്നു.

തമിഴ് ശ്രീദേവിയുടനേ മൂദേവിയും പിറന്താൾ.

29/2/64
227390
P3:4:6
32K1

# സ

434

സഞ്ചി എടുത്തവനെല്ലാം വൈദ്യനോ?

തമിഴ്    പൈ എടുത്തവൻ എല്ലാം വൈത്തിയനാ?

തെലുങ്ക്    സഞ്ചി കട്ടിനവാഡല്ലാ വൈദ്യുഡാ?

# സാ

MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005

435

സാക്ഷിക്കാരന്റെ കാലു പിടിക്കുന്നതിനേക്കാൾ ശത്രുവിന്റെ കാലു പിടിക്കുന്നതു നല്ലതു്.

തമിഴ്    സാക്ഷിക്കാരൻ വിഴവതൈക്കാട്ടിലും കക്ഷിക്കാര[illegible]ൽ വിഴവതൈ നല്ലതു.

MUL
227390

കർ[illegible]    [illegible] കാലു ഹിഡിയുവുദക്കിന്ത [illegible]ിയുവുദേ ലേശു.

തെലുങ്ക്    [illegible]ാക്ഷികാളുള്ള പട്ടുകോവഡമുക്കന്ന ബാദികാളുള്ള പട്ടുകോവച്ചുന.

# ദ്രാവിഡചൊല്ലുകൾ

**ഒരു മികച്ച ഭാഷാഗ്രന്ഥം**

മലയാള ഭാഷയിലെ പഴഞ്ചൊല്ലുകളും അവയ്ക്കു സദൃശമായി തമിഴ്, തെലുങ്ക്, കന്നാടകം എന്നീ ഭാഷകളിലുള്ള പഴഞ്ചൊല്ലുകളും തിരഞ്ഞെടുത്തു് അകാരാദിക്രമത്തിൽ സമാഹരിച്ച് അവതരിപ്പിച്ചിരിക്കുന്നു.

മദ്രാസ് സർവ്വകലാശാലയിൽ
ദ്രാവിഡഭാഷകളുടെ തലവന്മാരായ

**ഡാക്ടർ എസ്. കെ. നായർ**
**ശ്രീ. ആർ. പി. സേതുപിള്ള**
**,, എം. മാരിയപ്പാഭട്ട്**
**,, എൻ. വെങ്കടറാവു**

എന്നിവരാണു് ഇതു തയാറാക്കിയതു്

വില 1–25


ബുക് ട്രസ്റ്റ് പ്രസിദ്ധീകരണങ്ങളിൽ ചിലതു്

| | | | |
|---|---|---|---|
| കമലാംബാൾ | 2 25 | ഇന്ത്യൻ നാടോടി നൃത്തങ്ങൾ | 2 00 |
| സുബ്ബണ്ണ | 1 00 | സാധാരണക്കാരന്റെ ധനശാസ്ത്രം | 1 50 |
| മലയാളസാഹിത്യം | 2 25 | ഇന്ത്യയിലെ നാടോടിക്കഥകൾ | 1 50 |